ലക്കം-13/ജനുവരി, 2014

# ഹവിസ്സ്

ആത്മ സാക്ഷാത്കാരത്തിന്റെ നേർവഴി




പുത്തൻപ്രതീക്ഷകളുമായി,

ഒരുപാടു സ്നേഹത്തോടെ

നവവത്സരാശംസകൾ

## പുത്തൻ പ്രതീക്ഷകളുമായി...

# ആമുഖം

ധനുമാസ പ്രകൃതിയിൽ മഞ്ഞണിഞ്ഞ മണ്ണ് നവവർഷപ്പുലരിയുടെ കിരണങ്ങളേററ് പുളകിതയാകുകയാണ്. മനുഷ്യ മനസ്സിലും പുത്തൻ പ്രതീക്ഷയുടെ നാമ്പുകൾ വിരിയുകയായി. നന്മയുടെ, സമൃദ്ധിയുടെ, സാഹോദര്യത്തിന്റെ, എല്ലാത്തിനും ഉപരി പരസ്പര സ്നേഹത്തിന്റെ ഒരു പുത്തൻ പ്രഭാതത്തെ വരവേൽക്കുവാൻ നാം ഓരോരുത്തരും ഒരിക്കൽ കൂടി തയ്യാറാകുകയായി. ഈ മംഗള വേളയിൽ ഹവിസ്സിന്റെ എല്ലാ വായനക്കാർക്കും, അഭ്യുദയകാംക്ഷികൾക്കും സർവ്വ ഐശ്വര്യ സമ്പൂർണ്ണമായ നവവത്സരാശംസകൾ!!!

തിരിഞ്ഞു നോക്കുമ്പോൾ, ഹവിസ്സിന് അഭിമാനിക്കുവാൻ ഏറെ നൽകിയാണ് 2013 അരങ്ങൊഴിഞ്ഞത്. ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം പോലെ, സ്വപ്നങ്ങളിൽ വിരിഞ്ഞ ഹവിസ്സിന് ഒരു വയസ്സു പൂർത്തിയായി! കെട്ടിലും മട്ടിലും അടിക്കടി മെച്ചപ്പെട്ട ഓരോ ലക്കങ്ങൾ! ആ പിറവിയ്ക്ക് സാക്ഷിയായ ഞങ്ങൾക്ക് പറയുവാൻ നന്ദിയുടെ ഒരായിരം വാക്കുകൾ തികയില്ല. ആദ്ധ്യാത്മികതയുടെ ഈ നേർവഴിയിലേയ്ക്ക് ഞങ്ങളെ കൈപിടിച്ചു നടത്തുന്ന സർവ്വ ശക്തനായ ഞങ്ങളുടെ ഉറ്റ തോഴൻ, നമ്മുടെ എല്ലാമെല്ലാമായ സർവ്വേശ്വരൻ, ലേഖനങ്ങളും കൃതികളും വാർത്തകളും കൃത്യമായി അയച്ച് ഞങ്ങളെ സഹായിച്ചു കൊണ്ടിരിക്കുന്ന കുടുബാംഗങ്ങൾ, അയ്യായിരത്തോളം പേരിലേയ്ക്ക് നേരിട്ടും അതിലും എത്രയോ മടങ്ങ് പേരിലേയ്ക്ക് പരോക്ഷമായും ഹവിസ്സിന്റെ ഓരോ ലക്കവും എത്തിക്കുവാൻ സഹായിക്കുന്ന ഞങ്ങൾ നേരിട്ടറിയുന്നവരും അല്ലാത്തവരുമായ ബന്ധുക്കൾ, അടുത്തും അകലെയും ഇരുന്ന് ഞങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന സുഹൃത്തുക്കൾ... നന്മയുടെ ഈ കൂട്ടായ്മ എന്നും തുടർന്നു കാണുവാൻ ആഗ്രഹിച്ചു കൊണ്ട് എല്ലാത്തരത്തിലും ഹവിസ്സിനു താങ്ങായി നിന്ന എല്ലാവർക്കും ഞങ്ങളുടെ വിനീതമായ കൂപ്പുകൈ.

നവവത്സരാശംസകൾ വീൺവാക്കുകൾ ആകാതിരിക്കണമെങ്കിൽ, സ്നേഹത്തിന്റെ തിളക്കം നമ്മുടെ ഓരോരുത്തരുടെയും മുഖത്ത് എന്നും ദൃശ്യമാകണം. നമ്മുടെ ജീവിതം സന്തോഷം നിറഞ്ഞതാകണം. പുതുവർഷം ഓരോരുത്തർക്കും എന്നും പുതിയ തീരുമാനങ്ങളെടുക്കുവാനുള്ള സമയം കൂടിയാണ്. പഴയ വർഷത്തോട് വിട പറയുന്നതോടൊപ്പം നമ്മുടെ ഉള്ളിൽ നാം തിരിച്ചറിയുന്ന കുറവുകളെ എന്നെന്നേയ്ക്കുമായി ഉപേക്ഷിക്കുവാൻ കൂടി നമുക്ക് ആയാൽ പുതുവർഷത്തിന് അർത്ഥവത്തായ സ്വാഗതം ഓതുവാൻ നമുക്കാകും.

നമ്മുടെ സംസ്കാരത്തിന്റെ, നമുക്കു മാത്രം അറിയാവുന്ന ഇരുളടഞ്ഞ അറകളിലേയ്ക്ക് പരിവർത്തനത്തിന്റെ പ്രകാശം ചൊരിയുവാനും അതിൽ പുതുമ കൊണ്ടുവരുവാനും ഈ അവസരത്തിൽ നമുക്കാകണം. നാം അറിയാതെ നമ്മുടെ ഉള്ളിൽ കടന്നുകൂടിയിട്ടുള്ള ചില ധാരണകളുണ്ട്. ഈ ധാരണകൾ നമ്മെക്കുറിച്ചോ മററുള്ളവരെക്കുറിച്ചോ മൂല്യങ്ങളെക്കുറിച്ചോ സമൂഹത്തെക്കുറിച്ചോ ആകാം. ഈ ധാരണകളെ കാലാനുസരണം തിരുത്തിയെഴുതുവാൻ ഈ പുതുവർഷപ്പിറവിയിൽ നമുക്കു ദൃഢസങ്കല്പമെടുക്കാം. മാററം പ്രകൃതിയുടെ അനിഷേധ്യ നിയമമാണ്. മാററമില്ലെങ്കിൽ വളർച്ച ഇല്ല. അതിനാൽ ഉള്ളിന്റെ ഉള്ളിലേയ്ക്ക് ആഴത്തിൽ ഇറങ്ങുവാനും ഇനിയും അവശേഷിക്കുന്ന മാറാലകൾ വെടിപ്പാക്കുവാനും നാം തയ്യാറാകേണ്ടിയിരിക്കുന്നു.

വരുന്ന ഓരോ ദിനവും അതിരാവിലെ ഉണർന്ന് ഒരല്പ സമയം ഈ ധാരണകൾ ഉറപ്പിക്കുവാൻ മാററി വയ്ക്കുകയാണെങ്കിൽ, ഒരിക്കൽ വിടപറയുവാനെത്തുന്ന ഈ വർഷത്തോട് നമുക്ക് സ്നേഹത്തോടെ, ധന്യതയോടെ, കൃതജ്ഞതയോടെ വിടപറയുവാനാകും. ഹവിസ്സിന്റെ എല്ലാ വായനക്കാർക്കും അതിനാകട്ടെ എന്ന് ആശംസിച്ചു കൊണ്ട് ഒരിക്കൽ കൂടി സ്നേഹോഷ്മളമായ **നവവത്സരാശംസകൾ.**



# താളുകൾ മറിക്കുമ്പോൾ


വിവേക ശകലങ്ങൾ........................................................................................................ ദാദി ജാനകി

ഗീതാജ്ഞാനത്തിന്റെ ലക്ഷ്യവും ജ്ഞാനിയുടെ ലക്ഷണവും......ബി.കെ. അരവിന്ദാക്ഷൻ, ആലപ്പുഴ

പുതുയുഗത്തിനാവശ്യമായ തിരിച്ചറിവ്..................................................ബി.കെ. സുരേന്ദ്രൻ, ബംഗലൂർ

ക്ഷേത്ര ദർശനം..........................................................................................ബി.കെ. അനിൽ, തിരുവനന്തപുരം

കാലം കഥ പറയുന്നു.............................................................................................പ്രതിഭാ നായർ, മൗണ്ട് ആബു

പ്രമോഷൻ...................................................................................................രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം

ആഭ.........................................................................................................................................ബി. കെ. അനില

2014 (കവിത)....................................................................................ഡോ.വത്സലൻ നായർ, മൗണ്ട് ആബു

മകനേ നിനക്കായി.................................................................................................ബി.കെ. സുഭാഷ്, മൗണ്ട് ആബു

മിന്നൽ (കവിത).........................................................................................ബി.കെ. ശോഭാദേവി, തിരുവനന്തപുരം

ഇഷ്ടമാണ് പക്ഷെ......................................................................ചന്ദ്രശേഖരൻ, പാലിയത്ത് കൊടുങ്ങല്ലൂർ

ഈശ്വരന്റെ പുതുവത്സരാശംസകൾ.....................................................രഘുനാഥൻ മാമ്പള്ളി, ചാത്തന്നൂർ

ദൈവം സത്യമാണ്...........................................................................................................................സുനിത, പാലക്കാട്

ജീവിതം ഒരു ഉല്ലാസയാത്ര.......................................................................ജനാർദ്ദന ഉണ്ണിത്താൻ, മാവേലിക്കര

ആശീർവാദത്തിന്റെ മൂല്യം.......................................................................നിഖിൽ എലത്തൂർ, കോഴിക്കോട്

നേർക്കാഴ്ച.................................................................................................ഡോ.വത്സലൻ നായർ, മൗണ്ട് ആബു

പ്രശ്നം തീർക്കാൻ...................................................................................ബി. കെ. രാജേഷ്മോഹൻ, ആലപ്പുഴ

ദൈവം സത്യമാണ്...........................................................................................................................സുനിത, പാലക്കാട്

മാനവ മൂല്യങ്ങൾ വളർത്തും മഹനീയ സ്ഥാപനം...........................................................ഹവിസ് ബ്യൂറൊ



**ബഹു. ഡോ. ദാദി ജാനകി**
മുഖ്യ പ്രശാസിക, ബ്രഹ്മാകുമാരീസ്

## എല്ലായ്പോഴും സത്യസന്ധരായിരുന്നാൽ നിങ്ങൾക്ക് ഒന്നും ഭയപ്പെടുവാനില്ല

**നമ്മുടെ ഉള്ളിലെ സത്യത്തിന്റെ ശക്തിയെ**
**നാം അംഗീകരിക്കുന്നതിലൂടെ**
**യഥാർത്ഥ ധൈര്യം നമുക്ക് കൈവരുന്നു.**
**എന്റെ കർമ്മങ്ങൾ സത്യത്തെ ആധാരമാക്കിയാണെന്ന്**
**ഞാൻ ഉറപ്പാക്കണം.**
**അപ്പോൾ കാര്യങ്ങൾ വഴിതെററിപ്പോയാലും**
**എനിക്ക് ധൈര്യത്തോടെ നേരിടുവാനാകും.**

## പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയം



എല്ലാ ജാതിയിലും മതത്തിലും വർഗ്ഗത്തിലും പെട്ട ഞങ്ങൾ 137 രാജ്യങ്ങളിലായി വ്യാപിച്ചിരിക്കുന്ന പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയത്തിന്റെ 9000 രാജയോഗ കേന്ദ്രങ്ങളിൽ നിത്യേന ക്ലാസ്സുകളിൽ പങ്കെടുക്കുന്നു. 55 രാജയോഗ കേന്ദ്രങ്ങളിലൂടെയും അനേകം ശാഖോപശാഖകളിലൂടെയും മലയാളത്തിന്റെ മണ്ണിലും ബ്രഹ്മാകുമാരീസ് അതിന്റെ ജൈത്രയാത്ര തുടരുകയാണ്. എല്ലാ വിശ്വാസ സംഹിതകളെയും ബഹുമാനിക്കുന്ന, യുക്തിയുക്തമായി ആത്മാവിന്റെയും ഈശ്വരന്റെയും, സമയത്തിന്റെയും, കർമ്മത്തിന്റെയും സ്വഭാവ രീതികൾ വിശദീകരിക്കുന്ന, ജ്ഞാനദീപ്തമായ ഒരു ജീവിതരീതി വർണ്ണിക്കുന്ന ആദ്ധ്യാത്മിക പഠനമാണ് ഞങ്ങൾ ഇവിടെ നടത്തുന്നത്.

മനസ്സിനെ ശാന്തമാക്കുന്ന, നമ്മുടെ ആന്തരികവും ബാഹ്യവുമായ ലോകവുമായി ആരോഗ്യകരമായ ഐക്യം വളർത്തുന്ന, ഒരു ധ്യാന മാർഗ്ഗം ഞങ്ങൾ അഭ്യസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അനേകം സാമൂഹ്യ പ്രവർത്തനങ്ങളിലൂടെയും സഹയോഗങ്ങളിലൂടെയും ആദ്ധ്യാത്മിക ധാരണയും സമഗ്രമായ നേതൃത്വവും ഞങ്ങൾ പ്രോത്സാഹിപ്പിക്കുകയും കൂടുതൽ മെച്ചപ്പെട്ട ഒരു ലോകത്തിനായി ഉത്കൃഷ്ടമായ കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നു.



# ഗീതാജ്ഞാനത്തിന്റെ ലക്ഷ്യവും ജ്ഞാനിയുടെ ലക്ഷണവും

**ബി.കെ. അരവിന്ദാക്ഷൻ, ആലപ്പുഴ**

## പരമാത്മാവിന്റെ യഥാർത്ഥ രൂപം

പരമാത്മാവിന്റെ ഓർമ്മയിലൂടെ അഥവാ പരമാത്മാവുമായി യോഗയുക്തമാകുന്നതിലൂടെ മാത്രമേ ജീവാത്മാവിന്റെ പാപം നശിക്കുകയുള്ളൂ. പ്രകൃതിയുടെ അനേകാനേക ബന്ധനങ്ങളിൽ നിന്നും മുക്തമാകുന്നതിന്, സദാ സർവ്വതിൽ നിന്നും മുക്തമായിരിക്കുന്ന പരമാത്മാവുമായി ബന്ധം വേണം. എന്നാൽ ഒരാളെ ഓർമ്മിക്കുന്നതിന്, സ്നേഹിക്കുന്നതിന്, സംബന്ധം പുലർത്തുന്നതിന് ആ ആളുടെ രൂപം നമ്മുടെ മനസ്സിൽ പതിയേണ്ടതുണ്ട്. മോനേ, നിന്റെ അച്ഛൻ വലിയ ആളാണ്, മഹാനാണ്, ധനവാനാണ്, ഗുണവാനാണ് എന്ന് എത്ര പറഞ്ഞാലും അവസാനം കുട്ടി അമ്മയോട് പറയും– അമ്മേ, അച്ഛന്റെ ഒരു ഫോട്ടോയെങ്കിലും എന്നെ കാണിക്കൂ, അല്ലാതെ ഞാൻ എങ്ങിനെ അച്ഛനെ ഓർമ്മിക്കും.

ഭക്തരുടെ പരാതിയാണ്, ഒരു നിമിഷം പോലും ഭഗവാനിൽ മനസ്സ് ഏകാഗ്രമാകുന്നില്ല. ഭഗവാന്റെ രൂപം അറിയാതെ എങ്ങനെ മനസ്സ് ഭഗവാനിൽ ഏകാഗ്രമാകും? അതിനാൽ ഭഗവാൻ അവതരിക്കുമ്പോൾ ഭക്തർക്ക് തന്റെ യഥാർത്ഥരൂപം ഭഗവാൻ പറഞ്ഞു കൊടുക്കുന്നു. ഭഗവാൻ അവതരിക്കുന്ന സമയത്ത് ഭക്തർ പ്രകൃതിയുടെ അനേക രൂപങ്ങളിലാണ് ഭഗവാനെ ആരാധിച്ചു കൊണ്ടിരിക്കുന്നത്. ശിവലിംഗം, കൃഷ്ണരൂപം, രാമരൂപം, അയ്യപ്പൻ, മുരുകൻ, ഗജാനനനായ ഗണപതിരൂപം, വാലുള്ള ഹനുമാൻ രൂപം, ഗരുഡൻ, എലി, സർപ്പം... തുടങ്ങി മനുഷ്യർ മനുഷ്യരെ വരെ ദൈവമായി പൂജിക്കുന്ന കലികാലത്തിലാണ് ഈശ്വരൻ വരുന്നത്. കലിയുടെ അവസാനം മനുഷ്യൻ മനുഷ്യന്റെ കീർത്തനം പാടി നടക്കുമെന്ന് പുരാണങ്ങളിൽ പറയുന്നുണ്ട്. ശ്രദ്ധിച്ചാൽ നമുക്ക് മനസ്സിലാകും, ഈ കലിയുടെ അവസാനമാണ് ഇത്രയും മനുഷ്യ ദൈവങ്ങൾ പ്രത്യക്ഷമായിരിക്കുന്നത്. എന്റെയെല്ലാം ചെറുപ്പത്തിൽ ഞങ്ങളുടെ വീടുകളിൽ ബുദ്ധന്റെ പടം പോലും വയ്ക്കാൻ സമ്മതിക്കില്ലായിരുന്നു. ഗുരുവായൂരപ്പന്റെയും അയ്യപ്പന്റെയുമെല്ലാം പടത്തിനടുത്ത് ഇഷ്ടം കൊണ്ട് ബുദ്ധന്റെ ഒരു പടം വച്ചാൽ ഭഗവാന്റെയടുത്ത് മനുഷ്യന്റെ പടം വയ്ക്കുന്നോയെന്ന് അമ്മമാർ ചോദിക്കുമായിരുന്നു. എന്നാൽ ഈ കലികാലാന്ത്യത്തിൽ ധാരാളം വീടുകളിൽ മനുഷ്യന്റെ പടങ്ങളും പോരാഞ്ഞ് പലരുടെയും പാദങ്ങളും വച്ച് പൂജിക്കുന്നത് കാണാറുണ്ട്. പഞ്ചഭൂതങ്ങളിലെല്ലാം ഭഗവാനുണ്ടെന്ന് വിചാരിച്ച്

ഭൂതപൂജ ചെയ്ത് ഭക്തരെല്ലാം ഭൂതങ്ങളെപ്പോലെ അലയുന്ന മനസ്സിന്റെ ഉടമകളായി തീർന്നിരിക്കുന്നു. ഗീതയിൽ ഭഗവാൻ പറയുന്നു.

അവ്യക്തം വ്യക്തി മാപന്നം
മന്യന്തേ മാമബുദ്ധയ
പരം ഭാവ മജാനന്തേ
മമാവ്യയമനുമുത്തമം.


അബുദ്ധയ (ബുദ്ധിയില്ലാത്തവൻ) എന്റെ അവ്യയ മായ, അതായത് നാശമില്ലാത്ത ഉത്തമമായ അവ്യക്തരൂപത്തെ അറിയാത്തതുകൊണ്ട് എന്നെ വ്യക്തി ഭാവത്തിൽ പൂജിക്കുന്നു.

ഭഗവാൻ അവ്യക്തനാണ്. അതായത് ഇന്ദ്രിയങ്ങൾ കൊണ്ട് അനുഭവവേദ്യമായ പഞ്ചഭൂതങ്ങൾക്കു പരിയായ അവ്യക്തരൂപധാരിയാണ്. അതിനാൽ പരമാത്മാവിനെ ശരിയായി രീതിയിൽ മനസ്സിലാക്കുന്നതിനും ഓർമ്മിക്കുവാനും ദേഹബോധത്തിനുപരിയായി ആത്മബോധത്തിലേക്കും ആത്മഭാവത്തിലേക്കും ഉയരണം. അതിനാലാണ് ഭഗവാൻ പരമാത്മാവിന്റെ പരിചയം തരുന്നതിന് മുൻപ് ആത്മജ്ഞാനം നൽകുന്നത്. പ്രകൃതിയുടെ നാമരൂപങ്ങളിൽ, അതായത് ശരീരങ്ങളിൽ ആത്മാവ് വസിക്കുന്നുണ്ട്. അവ്യക്ത രൂപധാരിയായ ആത്മാവാണ് താൻ എന്ന ബോധത്തിലേക്കുയരുമ്പോൾ മാത്രമേ പരമാത്മാവിന്റെ യഥാർത്ഥ രൂപം നമ്മുടെ മനസ്സിൽ പതിയുകയുള്ളു. ഒരുപക്ഷെ പരമാത്മാവിന്റെ രൂപം ഭഗവദ്ഗീതയിൽ മാത്രമായിരിക്കും വർണ്ണിക്കുന്നത്.

കവിംപുരാണമനുശാസിതാരാ
മണോരണീയാം സമനുസ്മരേദ്യ:
സർവ്വസ്യധാതാരചിന്ത്യ രൂപം
ആദിത്യവർണ്ണം തമസ: പരസ്താത്.

തമസ്സിനുമപ്പുറം ആദിത്യവർണ്ണത്തിൽ (സൂര്യവെൺമ) സകലതിനും ആധാരമായി, അണുവിനേക്കാൾ അണുവായി ഓർമ്മിക്കാൻ ബുദ്ധിമുട്ടുള്ള എല്ലാം അറിയുന്നവനായ (സർവ്വജ്ഞൻ) പ്രകാശമായി ഈശ്വരനെ ഓർമ്മിക്കണം.

ആറ്റത്തിനേക്കാളും ഇലക്ട്രോണിനേക്കാളും പ്രോട്ടോണിനേക്കാളും സയൻസ് കണ്ടെത്താൻ ശ്രമിക്കുന്ന ദൈവകണത്തേക്കാളും സൂക്ഷ്മമായ ഒരു ദിവ്യപ്രഭയാണ് പരമാത്മാവ്. പ്രപഞ്ചത്തിന്റെ സകലതിനും ആധാരമായി എല്ലാ ആത്മാക്കൾക്കും ശക്തി സ്രോതസ്സായി, പ്രകൃതി ചലനങ്ങൾക്ക് ശക്തി പകർന്നു കൊണ്ട്, പ്രപഞ്ചത്തിന്റെ നെറുകയിൽ പരംധാമത്തിൽ പ്രകാശിക്കുന്ന ദീപമാണ് പരമാത്മാവ്.



# പുതുയുഗത്തിനാവശ്യമായ തിരിച്ചറിവ്

ബി.കെ. സുരേന്ദ്രൻ, ബംഗലൂർ

നാം ആത്മാഭിമാനത്തിലാണെങ്കിൽ നമുക്ക് സാഹചര്യങ്ങളേയും മനുഷ്യരേയും ചുറ്റുപാടിനേയും സ്വാധീനിക്കാൻ കഴിയും എന്നാൽ നേരെ മറിച്ച് ദേഹത്തിന്റെ ബോധത്തിലാണെങ്കിൽ നാം എല്ലായ്പ്പോഴും ആളുകൾ, സംഭവങ്ങൾ, സാധനങ്ങൾ, സാഹചര്യങ്ങൾ, നമുക്കുചുറ്റുമുണ്ടാകുന്ന മാറ്റങ്ങൾ എന്നിവയാൽ സ്വാധീനിക്കപ്പെടുകയും നമുക്ക് നമ്മുടെ മേൽ നിയന്ത്രണമില്ലാതെ വരുകയും ചെയ്യുന്നു. ആത്മാഭിമാനം എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് ഞാൻ ഈ നശ്വരമായ ശരീരമല്ല മറിച്ച് ചിന്തിക്കാനും തീരുമാനമെടുക്കാനും അനുഭവിക്കാനും അനുഭവം കൊടുക്കുവാനും കഴിവുള്ള ഒരു പ്രകാശരൂപത്തിലുള്ള ചൈതന്യ സത്തയാണെന്ന തിരിച്ചറിവിനെയാണ്. ഈയൊരു തിരിച്ചറിവിൽ നമുക്ക് മറ്റുള്ളവരോട് ആത്മതലത്തിൽ നിന്നുകൊണ്ട്, സ്നേഹം, ബഹുമാനം, വിനയം, സമർപ്പണത, സത്യത, ശുദ്ധി മുതലായ ആത്മീയ മൂല്യങ്ങൾ അനുഭവം ചെയ്തുകൊണ്ട് ഇടപഴകുവാനും പെരുമാറുവാനും കഴിയും. അങ്ങനെ വ്യക്തി ബന്ധങ്ങൾ ഊഷ്മളവും സുഖകരവുമാക്കുവാനും കഴിയുന്നു. ഈ മനോഭാവം മറ്റുള്ള എല്ലാത്തരത്തിലുള്ള ബാഹ്യവും ആന്തരികവുമായ നകാരാത്മകതയുടേയും വ്യർത്ഥതയുടേയും വൈകാരിക ചിന്തകളുടേയും പ്രഭാവത്തിൽ നിന്ന് വേറിട്ടിരിക്കുവാൻ നമ്മെ സജ്ജമാക്കുന്നു. ഇത് നമ്മിൽ ആത്മീയ ഊർജ്ജത്തെ നിറയ്ക്കുകയും നമ്മിലെ യഥാർത്ഥമായ സ്വാതന്ത്ര്യത്തെ അനുഭവിക്കുവാൻ സഹായിക്കുന്നു. നമ്മുടെ ഉള്ളിലുള്ള യാഥാർത്ഥ്യത്തെ അഥവാ സത്യതയെ കണ്ടെത്തി അതിൽ അധിഷ്ഠിതമായ ജീവിതം കെട്ടിപ്പടുക്കുവാനാണ് ഈശ്വരനും നമ്മെ പഠിപ്പിക്കുന്നത്.

ഈ ജീവിതത്തിൽ നമ്മൾ രൂപഭാവങ്ങളുടേയും നിറത്തിന്റേയും വർഗ്ഗത്തിന്റേയും ആകർഷണത്തിൽ പെട്ട് തന്റെ വാസ്തവീകതയെ മറന്നു പോയിരിക്കുന്നു. അതിന്റെ ഫലമായി പലതരത്തിലുള്ള നകാരാത്മക പ്രവണതകളിലേയ്ക്ക് ഇന്ന് മാനവ കുലം പൊയ്ക്കൊണ്ടിരിക്കുന്നു. ദേഹത്തിന്റെ ബോധത്തിനടിമപ്പെട്ട് മനുഷ്യൻ അഹങ്കാരിയാകുകയും മൃഗീയമായ വാസനകളിലേയ്ക്കു വഴുതി വീഴുകയും ചെയ്യുന്നു. എന്നാൽ ഈ ശരീരത്തിന് നമ്മുടെ ജീവിതത്തിൽ ഒരു സ്ഥാനവുമില്ല എന്നല്ല ഇതുകൊണ്ട് അർത്ഥമാക്കുന്നത്. ശരീരമാണ് എന്തിന്റേയും അടിസ്ഥാനം. നാം യഥാർത്ഥത്തിൽ എന്താണോ അതാണ് നമ്മുടെ ഭൗതീക വ്യക്തിത്വത്തിനാധാരം. ശരീരത്തിന്റെ ആരോഗ്യവും പ്രാധാന്യമർഹിക്കുന്നുണ്ട്. ഞാൻ എന്ന വ്യക്തിത്വത്തിന് അല്ലെങ്കിൽ ചൈതന്യ സത്തയ്ക്ക് ഏതൊരു കാര്യവും ചെയ്യുന്നതിനുള്ള മാദ്ധ്യമമാണ് ഈ ശരീരം. ഈ ശരീരത്തിലൂടെത്തന്നെയാണ് നാം ഓരോരുത്തരും അവരവരുടെ ഭാവനകളെ ഭാവങ്ങളായി പുറത്തു കാണിക്കുന്നതും, പലവിധത്തിലുള്ള വൈകാരിക ഭാവങ്ങൾ, സുഖം, ദുഃഖം എന്നിവയെല്ലാം പ്രകടിപ്പിക്കുന്നതും ശരീരമെന്ന ഉപകരണത്തിലൂടെയാണ്. ഉപകരണമെന്നത് എന്നും എന്നെന്നും ഒരു ഉപകരണം മാത്രമാണ്.

ആത്മ ദൃഷ്ടിയോടെ നോക്കണം, മുഖത്തു നോക്കി സംസാരിക്കണം എന്നൊക്കെ മറ്റുള്ളവർ പറയുമായിരുന്നത് നാം ഒരു വ്യക്തിയെ കാണുമ്പോൾ എന്റെ മുന്നിൽ നിൽക്കുന്നത് ഗുണങ്ങളാൽ സമ്പന്നമായ ഒരു ചൈതന്യ വ്യക്തിത്വമാണെന്ന് മനസ്സിലാക്കി അവരെപ്രതി ആദരവോടെയും സ്നേഹത്തോടെയും പെരുമാറണം എന്ന ഉദ്ദേശത്തോടെയാണ്. എന്നിലെ യാഥാർത്ഥ്യത്തെ തിരിച്ചറിയുമ്പോൾ എനിക്ക് മറ്റുള്ളവരേയും തിരിച്ചറിയുന്നതിനുള്ള കഴിവ് ലഭിക്കുന്നു. ഈ കാഴ്ചപ്പാട് എന്നിലേയും മറ്റുള്ളവരിലേയും ഗുണങ്ങളെ കണ്ടെത്തി അതിനനുസരിച്ച് അവരുമായി പൊരുത്തപ്പെട്ട് പോകുവാൻ എന്നെ പ്രാപ്തനാക്കുന്നു. എന്നാൽ ഇന്ന് ആ ചൈതന്യ ഭാവത്തെ കാണുന്നതിനു പകരം അത് ഇരിക്കുന്ന സീറ്റിനെ അഥവാ ഉപകരണത്തെ കാണുന്നു അതിന്റെ ഫലമായി പല പ്രകാരത്തിലുള്ള വ്യർത്ഥമായ ചിന്തകളും അവരെ പ്രതി നമ്മുടെ മനസ്സിലുണ്ടാകുന്നു. ഇതിനെയാണ് സ്വധർമ്മത്തിലിരിക്കൂ എന്നതുകൊണ്ട് ഗീതയിൽ വിവക്ഷിക്കുന്നത്.

തുടരും...



# ക്ഷേത്ര ദർശനം

ബി.കെ. അനിൽ, തിരുവനന്തപുരം

ക്ഷതത്തിൽ നിന്നും ത്രാണനം അഥവാ രക്ഷ നൽകുന്നതാണ് ക്ഷേത്രം. ദുഃഖമുണ്ടാക്കുന്ന ക്ഷതങ്ങൾ ദിനംതോറും വർദ്ധിച്ചുവരുന്ന കാലമാണ് ഈ കലിയുഗം. ആ ക്ഷതങ്ങളിൽ നിന്നും രക്ഷപ്പെടുവാനും, സംസാരസാഗരത്തിൽ ഉഴലുമ്പോൾ നേരിടേണ്ടി വരുന്ന ദുഃഖങ്ങൾ മാറാനും മനുഷ്യർ ക്ഷേത്രദർശനം നടത്തുന്നു.

ദുഃഖങ്ങൾ മൂന്നുപ്രകാരത്തിലുണ്ട്..

1. ആധിഭൗതികം
2. ആധിദൈവികം
3. ആദ്ധ്യാത്മികം

ഈ ദുഃഖങ്ങളെ താപത്രയങ്ങൾ എന്ന് പറയുന്നു. ബാഹ്യജഗത്തിൽ നിന്നും, മറ്റു പ്രാണികളിൽ നിന്നും, മനുഷ്യരിൽ നിന്നും പശു–പക്ഷ്യാദികളിൽ നിന്നും ഉണ്ടാകുന്ന ദുഃഖമാണ് ആധിഭൗതികം. ആധിദൈവികമെന്നാൽ വിധി വശാൽ, യാദൃശ്ചികമായി വന്നു ഭവിക്കുന്ന ദുഃഖങ്ങൾ. നവഗ്രഹങ്ങളുടെയും മറ്റും സ്വാധീനഫലമായി ഉണ്ടാകുന്നവ, അവിചാരിതമായി ഉണ്ടാകുന്ന അപകടങ്ങൾ, തുടങ്ങിയവ. ആദ്ധ്യാത്മിക താപമെന്നാൽ ആത്മാവിനെ സംബന്ധിച്ച ദുഃഖം. ശാരീരികവും മാനസികവുമായ ദുഃഖങ്ങൾ. ജനി–മൃതികൾ, ജര, രോഗം, തുടങ്ങിയവ കാരണവും, കാമ–ക്രോധാദികൾ കാരണവും ഉണ്ടാകുന്ന മാനസിക ദുഃഖങ്ങൾ.

ക്ഷേത്ര ദർശനത്തിലൂടെ എങ്ങനെ ഈ ദുഃഖങ്ങൾ മാറും? ഇതിൽ ക്ഷേത്രത്തിന്റെ പങ്കും, പ്രാധാന്യവുമെന്താണ്

ക്ഷേത്രമെന്ന ആത്മീയ ഗുരു അതിവിശിഷ്ടങ്ങളായ ആത്മീയ തത്ത്വങ്ങൾ പഠിപ്പിക്കുന്ന ക്ഷേത്രം, ഒരർത്ഥത്തിൽ നമ്മുടെ ആത്മീയ ഗുരുവാണെന്ന് പറയാം. ആ തത്ത്വങ്ങളെ മനസ്സിലാക്കുകയും ആചരണത്തിൽ കൊണ്ടുവരികയും ചെയ്യുമ്പോൾ അത് “അസത്യത്തിൽ നിന്നും സത്യത്തിലേയ്ക്കും, ഇരുളിൽ നിന്നും വെളിച്ചത്തിലേയ്ക്കും, മൃത്യുവിൽ നിന്നും അമരത്വത്തിലേയ്ക്കും നയിച്ച് താപത്രയമുക്തി വരുത്തുന്നു.

ക്ഷേത്രത്തിലെ ആത്മീയ പൊരുൾ പരമാത്മ ചൈതന്യത്തിന്റെ ഭാവാത്മക രൂപമായും ക്ഷേത്രങ്ങളെ പറയുവാനാകും. തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന ഒരു ക്ഷേത്രമുണ്ട്, ശ്രീ അനന്തനാഗരാജ ക്ഷേത്രം. ഈ ക്ഷേത്രം എപ്രകാരമാണ് ഈശ്വര ചൈതന്യത്തെ പ്രതിനിധീകരിക്കുന്നതെന്ന് നോക്കാം.

അനന്ത സ്വരൂപം അഥവാ ആദിശേഷ സ്വരൂപം സഹസ്ര ഫണങ്ങളുള്ള ശ്വേത സർപ്പമായാണ് പ്രകീർത്തിക്കപ്പെട്ടിരിക്കുന്നത്. അനന്തമെന്നാൽ അതിരില്ലാത്തതും, നിത്യവുമായത്. “ശേഷ” മെന്നാൽ ശേഷിച്ച് നിൽക്കുന്നത്. ഇത് പരമാത്മ വൈശിഷ്ട്യത്തിന്റെ വർണ്ണന തന്നെയാണ്. കാരണം, നിത്യവുമുള്ളത് സത്യമാണ്. ഈശ്വരൻ സത്യമാണ്, ചൈതന്യമാണ്, ആനന്ദ സ്വരൂപമാണ് ഗുണങ്ങളുടെയും ശക്തികളുടെയും അനന്ത സ്രോതസ്സാണ്.

സൗരയൂഥത്തിന്റെ അധിപനായ സൂര്യനുമായി പരമാത്മ ചൈതന്യത്തെ പഴയ കാലം മുതൽ, ഉപമിച്ചു വരാറുണ്ട്. സർപ്പം ഗതിവേഗമുള്ളതാണ്. മിന്നൽപ്പിണരിന്റെ രീതിയിലാണ് അതിന്റെ ഗമനം. സഹസ്ര ഫണങ്ങളുള്ള ശ്വേത സർപ്പം, സഹസ്ര കിരണങ്ങൾ പരത്തുന്ന ആദിത്യനെപ്പോലെ തേജസ്സുറ്റത് എന്ന മഹിമ വർണ്ണിക്കുന്നതാണ്. മനുഷ്യന്റെ ആദ്ധ്യാത്മിക വികാസത്തിന്റെ പൂർണ്ണതയിലെത്തുന്നതിന്റെ സൂചകമായ ആധാര ചക്രവും സഹസ്രാരം എന്നാണ് അറിയപ്പെടുന്നത്. അതിനാൽ “സഹസ്രം” എന്നത് ആത്മീയ ഉണർവ്വിന്റെ പാരമ്യതയെ കുറിക്കുന്ന പദമാണ്. “സഹസ്ര ഫണ” ത്തിലൂടെ ആത്മീയ ഉണർവ്വിന്റെ പരമോന്നത അവസ്ഥയിൽ എത്തിക്കുന്ന പ്രകാശ രൂപിയായ ശക്തിവിശേഷമാണ് ഈശ്വരൻ എന്ന് സൂചിപ്പിക്കുന്നു.

പഞ്ച ഫണങ്ങൾ മനുഷ്യനെ തിന്മയിലേയ്ക്ക് നയിക്കുന്ന പഞ്ച ദോഷങ്ങളുടെ അഥവാ കാമം, ക്രോധം, ലോഭം, മോഹം, അഹങ്കാരം എന്നീ പഞ്ചവികാരങ്ങളുടെ വിഷാന്തകൻ എന്നതിനെ സൂചിപ്പിക്കുന്നു.

ഈശ്വരീയ ഗുണങ്ങളുടെയും ശക്തികളുടെയും അനുഭൂതികൾ നേടുന്നതിനുള്ള സാധനയാണ് ധ്യാനം. എന്നാൽ ധ്യാനിക്കുവാൻ ആത്മ നൈർമ്മല്യവും ഹൃദയ ശുദ്ധിയും അനിവാര്യമാണ്. ഇതിന് വിഘാതമാണ് – പഞ്ചവികാരങ്ങൾ. ഈ മനോമാലിന്യങ്ങൾ നീങ്ങി, മനസ്സ് നിർമ്മലമാകുമ്പോൾ, ഹൃദയശുദ്ധി വരുമ്പോൾ, താപത്രയങ്ങളിൽ നിന്നും പരിപൂർണ്ണ മുക്തമായ ജീവൻമുക്ത അവസ്ഥ പ്രാപ്തമാകും. ദേഹമാകുന്ന ക്ഷേത്രവും ദേഹിയാകുന്ന മൂർത്തിയും ദേഹവും ഒരു ക്ഷേത്രമാണ്. ഇതിലെ മൂർത്തി യാണ് – “അഹം” എന്ന ഉണ്മ, “ഞാൻ”എന്ന സത്യം, ആത്മാവ് എന്ന സചേതന ശക്തി. പഞ്ചഭൂത നിർമ്മിതമായ ശരീരം ഒരു ഗൃഹവും, ആത്മാവ് അതിൽ വസിക്കുന്ന ഉടമസ്ഥനുമാണ്. ശരീരമാകുന്ന പ്രകൃതി വസ്ത്രവും ആത്മാവ് അത് ധാരണം ചെയ്യുന്ന പുരുഷനുമാണ്. ശരീരം രഥവും, ആത്മാവ് അതിനെ ഉപയോഗിക്കുന്ന സാരഥിയുമാണ്. ശരീരം ജനിക്കുന്നു, വളരുന്നു, മരിക്കുന്നു. എന്നാൽ, “ഞാൻ” എന്ന ആത്മാവ് അമരമാണ്.

ആത്മാവ് ഈ ചർമ്മ ചക്ഷുവിനാൽ ഗോചരമല്ലാത്തതും, ദിവ്യവും, സചേതനവും, സൂക്ഷ്മവുമായ ഒരു പ്രകാശമാണ്. ചിന്തിക്കുക, മനസ്സിലാക്കുക, നിർണ്ണയിക്കുക, തുടങ്ങിയവയെല്ലാം ആത്മാവെന്ന ഈ ചൈതന്യത്തിന്റെ വിഭിന്ന ക്ഷമതകളാണ്.

ക്ഷേത്രത്തിലെ മൂർത്തി സർവ്വാലംകൃതമായിരിക്കുന്നത് ഐശ്വര്യപൂർണ്ണമായ ദർശനമാണ്. അതുപോലെ ഐശ്വര്യപൂർണ്ണമായ ജീവിതത്തിന് ആത്മാവാകുന്ന മൂർത്തിയെയും സർവ്വാലംകൃതമാക്കണം. സ്നേഹം, ക്ഷമ, പവിത്രത, ദയ, അനുകമ്പ തുടങ്ങിയവയാണ് ആ ആത്മാലങ്കാരങ്ങൾ.

കർമ്മക്ഷേത്രവും സുഖ–ദുഃഖങ്ങളും ക്ഷേത്രമെന്നാൽ കർമ്മത്തിന്റെ വിളനിലം. കർമ്മമെന്നാൽ പ്രവൃത്തി. വിതയ്ക്കുന്ന വിത്തനുസരിച്ച് വൃക്ഷവും ഫലവുമെല്ലാം ഉണ്ടാകുന്നതുപോലെ, കർമ്മമാകുന്ന വിത്തും, അതിനനുസൃതമായ ഫലങ്ങളെയുണ്ടാക്കുന്നു. അനുഷ്ഠിക്കുന്ന കർമ്മങ്ങളുടെ ആധാരത്തിലാണ് ഒരാളെ പാപാത്മാവെന്നോ, പുണ്യാത്മാവെന്നോ, മഹാത്മാവെന്നോ പറയുന്നത്. പാപകർമ്മമെന്നാൽ തനിക്കും മറ്റുള്ളവർക്കും ദുഃഖമുണ്ടാക്കുന്നവ, തിന്മയുണ്ടാക്കുന്നവ. പുണ്യകർമ്മമെന്നാൽ നന്മയുണ്ടാക്കുന്നവ. അതുതന്നെയാണ് യഥാർത്ഥമായ സുഖത്തിന് നിദാനവും. ആത്മാവ് കർമ്മങ്ങൾക്കനുസൃതമായാണ് ശരീരം സ്വീകരിക്കുകയും, പുനർജന്മ ചക്രത്തിൽ വരികയും, സുഖ–ദുഃഖങ്ങൾ അനുഭവിക്കുകയും ചെയ്യുന്നത്.

സുഖമാണ് ജീവിതത്തിൽ ഓരോ മനുഷ്യനും ആഗ്രഹിക്കുന്നത്. എന്നാൽ ഇന്ദ്രിയസുഖങ്ങൾ അനുഭവിക്കുന്നതാണ് സുഖമയ ജീവിതാനുഭവം എന്ന മിഥ്യയിലാണ് പലരും ജീവിക്കുന്നത്. ക്ഷണഭംഗുരമായ സുഖം ലഭിക്കുന്നതു കാരണം ഇന്ദ്രിയ സുഖങ്ങളെ ലക്ഷ്യമാക്കിയുള്ള ആഗ്രഹങ്ങൾ ശക്തിപ്പെട്ടുകൊണ്ടുമിരിക്കുന്നു. ഇന്ദ്രിയ സുഖങ്ങളിൽ മാത്രമായി സുഖം അന്വേഷിച്ചു പോകുന്നത്, മരീചികയ്ക്ക് പിന്നാലെ പോയി ജീവിതം നഷ്ടപ്പെടുത്തുന്നതു പോലെയാണ്. ഇതിന്റെ അർത്ഥം, ഇന്ദ്രിയസുഖങ്ങളിൽ നിന്നും പൂർണ്ണമായും വിമുഖമാകണം എന്നല്ല. ആത്മാവിന് കർമ്മങ്ങൾ ചെയ്യുന്നതിന് ശരീരം ആവശ്യമാണ്. ആഹാരം, വസ്ത്രം, പാർപ്പിടം തുടങ്ങിയവയെല്ലാം നമ്മുടെ അസ്തിത്വത്തിന് വളരെ ആവശ്യമാണ്. അവയെല്ലാം അനുയോജ്യമായ രീതിയിൽ ഉണ്ടായിരിക്കുന്നതും ഉപയോഗിക്കുന്നതും പരിത്യജിക്കുകയോ സന്യസിക്കുകയോ ചെയ്യേണ്ടതില്ല. എന്നാൽ ഇന്ദ്രിയ സുഖത്തിന്റെ തൃഷ്ണ ശരീരത്തിന്റെയും ജീവിതത്തിന്റെയും സന്തുലനാവസ്ഥ ഇല്ലാതാക്കുന്ന തരത്തിൽ മനസ്സിനെയും ബുദ്ധിയെയും ഗ്രസിക്കുമെന്നും ആത്മ നിയന്ത്രണം നഷ്ടപ്പെടുത്തുമെന്നും തിരിച്ചറിയണം. ആത്മീയതയിൽ അധിഷ്ഠിതമായ സുഖമാണ് യഥാർത്ഥ സുഖം എന്ന് തിരിച്ചറിയണം.

ഇങ്ങനെ ക്ഷേത്രമാകുന്ന ആത്മീയ ഗുരുവിൽ നിന്നും ഈ ആത്മവിദ്യ ഗ്രഹിക്കണം. ആത്മ ചൈതന്യത്തെ തിരിച്ചറിയണം. ദുർഗുണങ്ങൾ ത്യജിക്കണം. പരമാത്മ ചൈതന്യത്തിൽ ധ്യാനനിരതനായി സർവ്വഗുണങ്ങളാൽ ആത്മാവിനെ അലംകൃതമാക്കണം. കർമ്മക്ഷേത്രത്തിൽ ധർമ്മാനുസൃതമായി, ഗുണമൂർത്തിയായി കർമ്മം ചെയ്യണം. ഈ തത്ത്വങ്ങൾ ഉൾക്കൊണ്ട് അത് ആചരിക്കുമ്പോൾ ക്ഷേത്ര ദർശനം പുണ്യ ദർശനമാകുന്നു. സർവ്വപാപ വിമുക്തിയുടെയും താപത്രയ മുക്തിയുടെയും ഉപാധിയായി മാറുന്നു.


# കാലം കഥ പറയുന്നു...

**പ്രതിഭാ നായർ, മൗണ്ട് ആബു**

കാലം... കാലാകാലങ്ങളായി മനുഷ്യനെ അത് അത്ഭുതപ്പെടുത്തിയിട്ടുണ്ട്. നാം ജീവിക്കുന്ന ഈ ഭൂമി, നമ്മുടെ മനുഷ്യ കുലം... കാലത്തിന്റെ മഹാപ്രവാഹത്തിൽപ്പെട്ട് നാം ഇന്ന് ഇവിടെ എത്തിപ്പെട്ടിരിക്കുന്നു. എവിടെ നിന്നു വന്നു? എങ്ങോട്ടേയ്ക്കാണ് ഈ യാത്ര? ഇനിയും എത്ര നാൾ? ഉത്തരം കിട്ടാത്ത ഒരു കൂട്ടം ചോദ്യങ്ങൾ... എന്നും നമ്മെ അതിശയിപ്പിക്കുവാൻ കാലത്തിനാകുന്നതും ഇതു കൊണ്ടു തന്നെ! ആ കാലത്തിന്റെ കഥയാണ് ഇവിടെ പറയാൻ പോകുന്നത്. എന്താ തയ്യാറല്ലേ?

പാൻജിയ




പണ്ട് പണ്ട്, അതായത് കാലചക്രത്തിന്റെ തുടക്കത്തിൽ നാം ഒരൊറ്റ കുടുംബമായിരുന്നു. ഈ ഭൂമി ഒരൊറ്റ വൻകരയായിരുന്നു. നാം സംസാരിച്ചിരുന്നത് ഒരൊറ്റ ഭാഷയായിരുന്നു. അതിശയം തോന്നുന്നു അല്ലേ? ഞാൻ വെറുതെ പറയുകയല്ല. ശാസ്ത്രം തെളിവുകളുമായി നമ്മോടൊപ്പമുണ്ട്. ഭൗമശാസ്ത്രജ്ഞന്മാരുടെ നിഗമനം അനുസരിച്ച് ഇന്നേയ്ക്ക് അനേക വർഷങ്ങൾക്കു മുമ്പ് ഈ ഭൂമിയിൽ ഒരൊറ്റ വൻകര മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആ മഹാവൻകരയെ അവർ പാൻജിയ എന്നു വിളിക്കുന്നു. ഗ്രീക്കു ഭാഷയിൽ നിന്നു കടം കൊണ്ട പാൻജിയ എന്ന വാക്കിന് മുഴുവൻ മാതൃഭൂമി എന്നാണ് അർത്ഥം. ഈ മഹാ വൻകരയെ ചുറ്റി ഒരു മഹാ സമുദ്രം ഉണ്ടായിരുന്നു. ആ മഹാസമുദ്രത്തെ അവർ പാന്തലാസ്സാ എന്നു വിളിക്കുന്നു.

ഈ മഹാവൻകര പല തവണ വേറിട്ട് പല കഷണങ്ങളായി തീരുകയും വീണ്ടും ഒന്നിച്ചു കൂടുകയും ചെയ്തിട്ടുണ്ടെന്നാണ് ശാസ്ത്രജ്ഞരുടെ അഭിപ്രായം. ഇന്ന് അനേക കാതം അകലെ കിടക്കുന്ന വൻകരകളിൽ നിന്നും കണ്ടെത്തിയിട്ടുള്ള സമാന ഫോസിലുകൾ ഇതിനു തെളിവായി അവർ നിരത്തുന്നു. തെക്കൻ അമേരിക്കയുടെ കിഴക്കൻ തീരത്തും ആഫ്രിക്കയുടെ പടിഞ്ഞാറൻ തീരത്തുമുള്ള സമാന ഭൂപ്രകൃതിയും അവർ തെളിവായി നിരത്തുന്നു. വടക്കേ അമേരിക്കയുടെ തെക്കുകിഴക്കൻ ഭാഗത്തുനിന്നു തുടങ്ങി അയർലാന്റിലും ബ്രിട്ടനിലും ഗ്രീൻലാന്റിലും സ്കാൻഡിനേവിയയിലും വരെ പടർന്നു കിടക്കുന്ന അപ്പലേച്ചിയൻ പർവ്വതനിരകളും ഒരു കാലത്ത് നിലനിന്നിരുന്ന മഹാ വൻകരയ്ക്ക് സാക്ഷ്യം നിൽക്കുന്നു. നിരന്തരമായ ചലനത്തിലൂടെ ഏഷ്യാ വൻകരയുമായി ഇന്ത്യൻ കര കൂട്ടിമുട്ടിയതിൽ നിന്നാണ് ഇന്നു നാം കാണുന്ന ഹിമാലയം ഉണ്ടായത്. ആസ്ത്രേലിയയും ഇന്ത്യയും ഇന്നും 5-6 സെന്റീമീറ്റർ വരെ എല്ലാ വർഷവും വടക്കു കിഴക്കോട്ടു നീങ്ങിക്കൊണ്ടിരിക്കുകയാണ്. സത്യയുഗത്തിൽ ഈ ലോകം ഒരു കുടുംബമായിരുന്നു എന്ന് നാം ഭാരതീയർ വിശ്വസിക്കുന്നു. ലോകാ സമസ്താ സുഖിനോ ഭവന്തുവും വസുധൈവ കുടുംബകവും നമ്മുടെ ഭാരതത്തിന്റെ സംഭാവനകളാണല്ലോ. നമ്മുടെ ഭാരതത്തിൽ എല്ലാ വിഭാഗം ജനവിഭാഗങ്ങളെയും നമുക്ക് കാണുവാനാകും. ഭാരതത്തിന്റെ വടക്കു-പടിഞ്ഞാറൻ ഭാഗങ്ങളിൽ ഉയരം കൂടിയ, വെളുത്ത കോക്കേഷ്യൻ ജനതയുള്ളപ്പോൾ കിഴക്കു ഭാഗത്ത് മഞ്ഞ നിറവും ചപ്പിയ മുഖവുമുള്ള മംഗോളിയൻ വംശജരോടു സമാനരായ ജനവിഭാഗമാണുള്ളത്. അതുപോലെ മദ്ധ്യഭാരതത്തിൽ ഗോതമ്പു വർണ്ണ



# പ്രമോഷൻ

രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം

സാർ പത്തുപൈസ തരണം സാർ. ഒരാൾ പുറത്തു തട്ടി കൈമലർത്തി യാചിക്കുന്നു. സാർ ഞാൻ ഗണപതി പിള്ള, എനിക്ക് ഭാര്യയും രണ്ടു മക്കളുമുണ്ട് സാർ ഞാനൊരു കേന്ദ്ര ഗവൺമെന്റ് ജീവനക്കാരനാണ്, പത്തുപൈസ തരണം സാർ. എന്ത്, കേന്ദ്ര ഗവൺമെന്റ് ജീവനക്കാരനോ? ഞാൻ മനസ്സിലോർത്തു പോയി. അതെ സാർ, ഞാൻ സ്റ്റേറ്റ് ടെലഗ്രാഫ് ഓഫീസിൽ ഈ.ഡി. ജീവനക്കാരനായി വർക്കു ചെയ്യുന്നു. ശമ്പളത്തുക തീരെ കുറവാണ് സാർ. നിത്യവൃത്തിക്ക് തീരെ തികയില്ല സാർ. അതുകൊണ്ടാണ് സാർ. അയാളുടെ ദുരഭിമാനമില്ലായ്മയിലാണോ അതോ അയാളുടെ ദയനീയതയിലാണോ 'എനിക്കയാളോട് സ്നേഹം തോന്നിയത്'. ഏതായാലും എന്റെ കൈയ്യിൽ 10 പൈസ ഇല്ലായിരുന്നു. ഞാൻ അയാൾക്ക് 50 പൈസ നൽകി. എന്നാൽ അയാൾ 10 പൈസ മതി എന്നാണ് പറയുന്നത്. ഞാൻ പറഞ്ഞു. സാരമില്ല, ഇതിരിക്കട്ടെ. അല്ല സാർ വേണ്ട. നാളെയും ഞാൻ ചോദിക്കും. അപ്പോൾ സാർ എന്നിൽ നിന്നും ഒഴിഞ്ഞു പോകരുത്. അതാണ് സാർ. ശരി എങ്കിൽ പത്തുപൈസ എടുത്തു ബാക്കി തന്നോളൂ. അതും അയാളുടെ പക്കൽ ഇല്ലായിരുന്നു. അയാൾ ബസ് സ്റ്റാൻഡിൽ വന്ന് യാചന തുടങ്ങിയിരുന്നതേയുള്ളൂ. ഞാൻ 50 പൈസ തിരികെ വാങ്ങി കീശയിലിട്ട് വെറുതേ ആലോചിച്ചിരുന്നു. എന്തെല്ലാം വിചിത്ര അനുഭവങ്ങളാണ്, യാചിക്കുന്നവന്റെയും ദാർശനികത! പിറ്റേന്നും ഞാനയാളെ കണ്ടു. ഞാൻ ഗണപതി പിള്ള, എനിക്കു ഭാര്യയും രണ്ടു മക്കളുമുണ്ട് സാർ. അവരെ പോറ്റുന്നതിനു വേണ്ടി ശമ്പളം തികയുന്നില്ല സാർ. ഞാൻ ഇ.ഡി. ജീവനക്കാരനാണു സാർ, 10 പൈസ തരണം സാർ. ഇപ്രാവശ്യം ഞാൻ 10 പൈസ കരുതിയിരുന്നു. അത് അയാൾക്കു കൊടുത്തു. അയാൾ നന്ദി പറഞ്ഞ് പൈസ പോക്കറ്റിലിട്ടു, ഞാൻ ഓഫീസിലേക്കും പോയി. ദിവസവും ഞാൻ അയാളെ കാണും. രാവിലെ ബസ് സ്റ്റാൻഡിൽ യാചിക്കുന്നു. ശേഷം ഓഫീസിൽ പാഴ്സൽ ചാക്കുകളും തള്ളി തന്റെ ജോലികൾ കൃത്യമായി ചെയ്യുന്നു. ദയനീയത കലർന്ന അയാളുടെ മുഖം എന്നെ വല്ലാതെ വേദനിപ്പിച്ചിരുന്നു. പരാതിയോ പരിഭവമോ ഇല്ലാതെ ഭിക്ഷ യാചിക്കുന്നു. തനിക്ക് ആവശ്യമുള്ളതിനുമപ്പുറം യാചിക്കാതെ മടങ്ങിപ്പോകുന്നു. വളരെ സന്തോഷത്തോടെ തന്റെ ഓഫീസിലെ ജോലിയും കൃത്യമായി ചെയ്യുന്നു. ഏതായാലും ഇയാളൊരു വ്യത്യസ്തനാണ്. അതിലുപരി സത്യസന്ധനുമാണ്. അങ്ങനെ ഗണപതി പിള്ള എന്റെ ഓർമ്മപഥത്തിൽ നിറഞ്ഞു നിന്നു. ഒരു മദ്ധ്യവേനൽ അവധി സമയം. നാട്ടിലേക്കു പോകാൻ റെയിൽവേ സ്റ്റേഷനിലേക്ക് ഞാൻ ധൃതിയിൽ ഓടുകയായിരുന്നു. അതാ ഒരാൾ ഓടിക്കിതച്ച് മുന്നിൽ. അതേ, ആ ഗണപതിപിള്ള തന്നെ. ഞാൻ പെട്ടെന്ന് പോക്കറ്റിൽ തപ്പി. ഹാവൂ! സമാധാനമായി, പത്തു പൈസയുണ്ട്. ഞാനത് അയാൾക്ക് നേരേ നീട്ടി. പെട്ടെന്നയാൾ വളരെ സന്തോഷത്തോടെ പറഞ്ഞു, 'വേണ്ട സാർ, വേണ്ട' എനിക്ക് പ്രമോഷനായി. ഞാനിനി യാചിക്കില്ല സാർ, വളരെ നന്ദിയുണ്ട് സാർ. പ്രത്യാശയുടേയും ചാരിതാർത്ഥ്യത്തിന്റേയും ഒരു പിടി ഓർമ്മയുമായി ഞാൻ നാട്ടിലേക്ക് ട്രെയിൻ കയറി.

ത്തിലുള്ള ജനവിഭാഗവും ദക്ഷിണ ഭാരതത്തിൽ കറുത്ത വർണ്ണമുള്ളവരുമാണ്.

ഒറ്റ ഭൂഖണ്ഡത്തെക്കുറിച്ചുള്ള അറിവും ഇപ്പറഞ്ഞ കാര്യങ്ങളും കൂട്ടിവായിക്കുമ്പോൾ വ്യക്തമാകുന്ന ഒരു കാര്യമുണ്ട്, ഭാരതത്തിൽ നിന്നുമാണ് വ്യത്യസ്ത ജനവിഭാഗങ്ങൾ ലോകത്തിന്റെ നാനാഭാഗത്തേയ്ക്കും കുടിയേറിയത്. ഭാരതമാണ് മാതൃരാജ്യം. ഭാരതീയ സംസ്കാരമാണ് അതി പുരാതനം. നമ്മുടെ സനാതന ധർമ്മമാണ് ആദി ധർമ്മം. നാം ഭാരതീയരാണ് മുഴുവൻ ജനവിഭാഗങ്ങളുടെയും പൂർവ്വികർ.

അതീവ രസകരമായ ആ കഥ പറയുവാനുള്ള പാണ്ഡിത്യം നമ്മുടെ ശാസ്ത്രജ്ഞർക്ക് പോരാ! അതിന് കാലാതീതനായ പരമാത്മാവിന്റെ എഴുന്നള്ളത്തുവരെ നമുക്ക് കാത്തിരിക്കേണ്ടിവന്നു. പരമാത്മാവ് നമ്മോടു പറഞ്ഞ കാലത്തിന്റെ കഥ നമുക്ക് അടുത്ത ലക്കത്തിൽ വായിക്കാം.



# ആഭ

ബി.കെ അനില, തിരുവനന്തപുരം

ആഭയെന്നാൽ സൗന്ദര്യം. ആഭയെ ഉയർത്തിക്കാട്ടുന്നതാണ് ആഭരണം.. അഞ്ചു പ്രധാന ഉദ്ദേശ്യങ്ങളാണ് ആഭരണം അണിയുന്നതിലുള്ളത്. സുന്ദരത, ദോഷനിവാരണം, ആരോഗ്യരക്ഷ, സ്ഥാനസൂചന, ദേവപ്രീതി. ആന്തരീക ആഭ ഉയർത്താൻ അണിയേണ്ട ആഭരണങ്ങളാണ് മൂല്യങ്ങൾ. സ്വർണ്ണിമ ജീവിതത്തിന്റെ മാറ്റു കുറയ്ക്കുന്ന ഒരു ലോഹമാണ് ക്രോധം. ഈ മാലിന്യം മേൽപറഞ്ഞ 5 കാര്യങ്ങളെയും ബാധിക്കുന്നു. ഇതിന്റെ പല വശങ്ങളെക്കുറിച്ചും പരിഹാരങ്ങളെക്കുറിച്ചും മനസ്സിലാക്കാം. ക്രോധത്തിന്റെ മൂന്നു മുഖ്യകാരണങ്ങളാണ് അസന്തുഷ്ടത, അഹങ്കാരം, അഭിമാനം, പിന്നെ പൂർത്തീകരിക്കാത്ത ആഗ്രഹങ്ങളും അഭിലാഷങ്ങളും. പലപ്പോഴും ക്രോധം നിഷ്കളങ്കതയിലും വിഡ്ഡിത്തത്തിലും തുടങ്ങി വേദനയിലും പശ്ചാത്താപത്തിലും അവസാനിക്കുന്നു. ക്രോധത്തെ മൂന്നായി തരംതിരിക്കാം.

1) സ്ഥൂല ഭാവത്തിലുള്ള ക്രോധം. അത് കൈകാലുപയോഗിച്ച് കർമ്മത്തിലൂടെ പ്രകടിപ്പിക്കുന്നു.

2) വാക്കിലൂടെ. അതിന്റെ പര്യവസാനം നിന്ദയും അധിക്ഷേപവുമാണ്.

3) കണ്ണിലൂടെ, മുഖത്തിലൂടെ, പിന്നെ ശരീര ഭാഷയിലൂടെ പ്രകടമാക്കുന്നു.

ക്രോധത്തിന്റെ ബീജം അഹങ്കാരവും ദുർബ്ബല മനസ്സുമാണ്. അതിനാൽ ഈ ദുർവികാരത്തെ ജയിക്കാൻ മനസ്സിനെ ശക്തിശാലിയാക്കണം. ലോലമായ മനസ്സ് പെട്ടെന്ന് വികാരത്തിന് വശപ്പെടും. ചില അവസരങ്ങളിൽ മനുഷ്യത്വം തന്നെ അതു നഷ്ടപ്പെടുത്തുന്നു. ഒരിക്കൽ ഒരു കുട്ടിയുടെ കയ്യിൽ ഒരു വലിയ പൊള്ളിയ പാടുകണ്ടു. എങ്ങിനെ സംഭവിച്ചു എന്നു ചോദിച്ചപ്പോൾ മഴവെള്ളത്തിൽ കളിച്ചതിന് അച്ഛൻ കൊടുത്ത ശിക്ഷയായിരുന്നു, തേച്ചു കൊണ്ടിരുന്ന ഇസ്തിരി കുട്ടിയുടെ കയ്യിൽ വച്ചു പൊള്ളിച്ചു.

ക്രോധാഗ്നി പ്രതിദിനം വർദ്ധിച്ചുവരുന്നു. ഈ അഗ്നിയെ ജ്വലിപ്പിക്കുന്നത് ജീവിതത്തിലെ പ്രയാസങ്ങളുടെ കൊടുങ്കാറ്റാണ്. ഇതൊരു സാംക്രമിക രോഗം പോലെ ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് പടർന്നുപിടിക്കുന്നു. ക്രോധമെന്ന ചെകുത്താൻ പ്രവേശിച്ചാലോ നാശം തന്നെ ഫലം. കാരണം, അത് സ്വബോധത്തെ നശിപ്പിക്കുന്നു. ഇതിൻ മൂലം ഉണ്ടാകുന്ന വെറുപ്പും സമ്മർദ്ദവും ഒരിക്കലും സന്തോഷം അനുഭവിക്കാൻ അനുവദിക്കില്ല. ക്രോധിയുടെ വാക്കുകളിലെ അസഹിഷ്ണുത ശത്രുക്കളെ ഉണ്ടാക്കുകയും വ്യക്തി ബന്ധങ്ങളെ തകർക്കുകയും, സ്നേഹവും സഹകരണവും ബഹുമാനവും ഇല്ലാതാക്കുകയും ചെയ്യുന്നു.

ശാന്തിയുടെ ശക്തിയിലൂടെ ഉള്ളിലെ ക്രോധത്തെ ജയിക്കുവാൻ സാധിക്കും സ്വയം ശാന്തസ്വരൂപമായി തന്നെ കാണുന്നതിലൂടെ, വിനയം ജീവിതത്തിൽ അഭ്യസിക്കുന്നതിലൂടെ, സ്നേഹത്തിന്റെ ഭാഷയിലൂടെ, ക്ഷമയിലൂടെ ക്രോധത്തെ പരിവർത്തനപ്പെടുത്താം. രാജയോഗ ധ്യാനം അഭ്യസിക്കുന്നതിലൂടെ നമ്മളിൽ സഹനശീലത, സ്നേഹം തുടങ്ങിയ മൂല്യങ്ങൾ വളരുന്നു. മൂല്യങ്ങൾ പതിപ്പിച്ച ആഭരണങ്ങൾ അണിഞ്ഞ് ഈ പുതുവർഷത്തിൽ ആഭ വർദ്ധിപ്പിക്കൂ.




ഡോ.വത്സലൻ നായർ, മൗണ്ട് ആബു

പതിവു തെററിക്കാതെ പടിവാതിലിൽ കേട്ട
മുട്ടു കേട്ടിന്നവർ ഞെട്ടി!

ഇരു ചെവി പൊത്തി അലറി വിളിച്ചവർ
വെട്ടമേ നിന്നെ വിളിച്ചതാര്?

ഇരുട്ടിനാലോട്ടയടയ്ക്കുവാൻ വെമ്പുമ്പോൾ
പതിവു മുടക്കുവാൻ വന്നിരിക്കുന്നു!

വരണ്ട ഭൂമിയിൽ കാർക്കിച്ചു തുപ്പി
അവർ തിരിഞ്ഞു നടക്കവേ
സർവ്വം സഹയായ അമ്മേ,
നിനക്കും മടുത്തുവോ?

ശാപവും പാപവും പഴിയും പിഴയും
കണ്ടും കേട്ടും സഹിച്ചും പൊറുത്തും
വററിയ നിൻ മാറിടം
ചുരത്തുവാൻ മറന്നതോ, മടിച്ചതോ?

സത്യവും ധർമ്മവും സത്തും ധരണിയും
വിററിട്ടും, വിററു പോയില്ല
കാലത്തിൻ, മാററത്തിൻ മണി മാത്രം!

പരിവർത്തനത്തിൻ കാലൊച്ച കാതോർത്തു
സത്യത്തിൻ നൗകയിൽ പദമൂന്നി
ഉള്ളം തുറന്നു ഞാൻ പാടി
സ്നേഹമാണെൻ മതം...
പ്രേമമാണെൻ സ്വരൂപം...
സത്യസ്വരൂപനാണെൻ തോഴൻ...

അനശ്വര സ്നേഹത്തിൻ കരസ്പർശമറിയവേ...
നാഥനെൻ കാതിൽ മന്ത്രിച്ചു...
മറക്കുക, പൊറുക്കുക
വരവേൽക്കുക, നവ സംവത്സരത്തെ
നന്മതൻ നവയുവപ്പിറവിയെ!!!

# മകനേ, നിനക്കായി...

സുഭാഷ്, മൗണ്ട് ആബു



**ക**ഴിഞ്ഞ ദിവസം ഒരു പ്ലസ് 2 വിദ്യാർത്ഥി എനിക്കരികിൽ വന്നു. അവന് എത്രയും പെട്ടെന്ന് ഒരു ജോലി വേണം എന്ന് പറഞ്ഞു. അവനെ ഒന്ന് അടിമുടി നോക്കി ഞാൻ ചോദിച്ചു. എത്ര ശതമാനം മാർക്കുണ്ട്? തൊണ്ണൂറ്റഞ്ച് ശതമാനം എന്നവൻ പറഞ്ഞപ്പോൾ പ്ലസ് 2 വിന് തത്തുല്യമായ പിഡിസി എക്സാമിന് 35 ശതമാനം എന്ന കടമ്പ കടക്കുവാൻ ഞാൻ പെട്ട പാടും അതിന്റെ കഷ്ടപ്പാടുകളും ഒരു നിമിഷം ഓർമ്മയിലൂടെ കടന്നു പോയി അപ്പോൾ മനസ്സുകൊണ്ട് അറിയാതെ അവനെ തൊഴുതു. "മോൻ പഠിക്കുന്നതു തന്നാ നല്ലത്. എന്താ വല്ല പ്രശ്നവും ഉണ്ടോ?" എന്റെ ചോദ്യം അവന്റെ മുഖത്ത് ദുഃഖത്തിന്റെ നേരിയ അലകൾ സൃഷ്ടിച്ചു. എങ്കിലും അവൻ മറുപടി പറഞ്ഞു. "അച്ഛന്റെ ഒരു കിഡ്നി ചുരുങ്ങിപ്പോയി. മാത്രമല്ല ഭയങ്കരമായി മദ്യപിക്കുകയും ചെയ്യും. അച്ഛന് വിശ്രമം കൊടുത്തില്ലെങ്കിൽ...." അവൻ പകുതിയിൽ നിർത്തി. "ഒക്കെ ശരിയാകും" എന്ന് പറഞ്ഞ് പതിയെ അവന്റെ തോളിൽ തട്ടുമ്പോൾ എന്റെ ഉള്ളിൽ എവിടെയോ ഒരു തീക്കനൽ തെറിച്ചു വീണ പ്രതീതി. പിന്നെ ഞാൻ അറിഞ്ഞു, ഈ കുട്ടി മൂന്നാം ക്ലാസ്സ്‌വരെ പൂജ്യം എന്ന വട്ടം ഉത്തരക്കടലാസ്സിൽ അധ്യാപികമാരെ കൊണ്ട് സ്ഥിരമായി വരപ്പിച്ചിരുന്ന ആളായിരുന്നു. പിന്നെപ്പൊഴോ പഠിക്കുവാൻ ഒരാഗ്രഹം... ഒരു ഹരം... ന്യൂട്രലിൽ നിന്നും ഗിയറ് ചെയ്ഞ്ച് ചെയ്ത് സ്പീഡ് കൂട്ടി. ഹൈസ്ക്കൂളിൽ എത്തിയപ്പോൾ റാങ്കിനെക്കുറിച്ചായി ചിന്ത. അത് ലക്ഷ്യമിട്ടുള്ള പഠനം ഫലം കണ്ടു. പത്താം ക്ലാസ്സ് ആയപ്പോൾ അച്ഛന്റെ മദ്യപാനവും, കിഡ്നിയുടെ തകരാറും അറിഞ്ഞതോടെ അവൻ ഉറക്കം മാറ്റി വച്ചു. പരീക്ഷ ദിനങ്ങളിൽ പലപ്പോഴും ഒരു മണിക്കൂർ, ഒന്നര മണിക്കൂർ മാത്രം ഉറങ്ങും. നിനക്കുറങ്ങണ്ടേ എന്ന് ആരെങ്കിലും ചോദിച്ചാൽ എനിക്ക് ഉറക്കം വരുന്നില്ല... ഞാൻ ഇപ്പോഴും ഉന്മേഷവാനാണ് എന്നായിരുന്നു അവന്റെ മറുപടി.

ജീവിത പ്രശ്നങ്ങളാണ് തന്നെ മദ്യപാനിയാക്കിയതെന്നായിരുന്നു അവന്റെ പിതാവിന്റെ വിശദീകരണം. പക്ഷേ പ്രശ്നങ്ങൾക്ക് പരിഹാരം മദ്യം ആണോ എന്ന് ചോദിച്ചപ്പോൾ ഉത്തരം മുട്ടി. വാശിയോടെ മകൻ പഠിച്ചുകയറുമ്പോൾ മറ്റേ കിഡ്നി കൂടെ തകരാറിലായാൽ...? പത്താം ക്ലാസ്സിൽ അഞ്ചു തവണ എഴുതിയിട്ടും അഞ്ചു തവണത്തെ മാർക്കുകൾ കൂട്ടി നോക്കിയാലും ഇരുനൂറ്റിപ്പത്ത് എന്ന കടമ്പയ്ക്ക് അടുത്ത് എത്താൻ കഴിയാത്ത ആളാണ് പിതാവ്. നാടു നീളെ ഓടി നടന്ന് മാവിൽ എറിഞ്ഞതും, തെങ്ങിൽ കയറിയതും, പ്ലാവിൽ കയറിയിരുന്ന് കൂഴച്ചക്കപ്പഴം കഴിച്ചതും ഒക്കെ ഒരു വീരയോദ്ധാവിന്റെ പരിവേഷം കല്പിച്ച് ഞങ്ങളെയൊക്കെ കുട്ടിക്കാലത്ത് പറഞ്ഞ് കേൾപ്പിച്ചിട്ടുമുണ്ട്. മകൻ പുസ്തകക്കൂനയ്ക്കിടയിൽ പുറം ലോകം കാണാതെ, ബാല്യ-കൗമാരങ്ങളുടെ സുഗന്ധം നുകരാതെ വളരുമ്പോൾ അപ്പന് സ്വസ്ഥത കിട്ടുന്നു. ഇങ്ങനെയുള്ള ഒരു കുട്ടിയെ കിട്ടാൻ എന്ത് തപസ്സ് ചെയ്യണം? നാളെ ആ കുട്ടിക്ക് നല്ല ജോലി കിട്ടിയെന്നു തന്നെയിരിക്കട്ടെ. ചങ്കും കരളും കിഡ്നിയും പുകച്ചും കരിച്ചും കളഞ്ഞ പിതാവിനെ ചികത്സിക്കാൻ പോകുമോ, ജോലിയിൽ ശ്രദ്ധിക്കാൻ പോകുമോ ആ സ്നേഹനിധിയായ കുട്ടി?

കേരളത്തിന്റെ ധനകാര്യ മന്ത്രി പദം അലങ്കരിക്കുന്ന ബഹുമാനപ്പെട്ട മാണി സാർ പറയുകയുണ്ടായി, ഒരു ചെയിൻ സ്മോക്കറായിരുന്ന താൻ തന്റെ മകൾ പ്രസവവേദന എടുത്ത് പുളയുന്നത് കാണാൻ ത്രാണിയില്ലാതെ ഈശ്വരനോട് ഒരു ഉടമ്പടി വച്ചു അത്രേ... തന്റെ മകളുടെ വേദനയ്ക്ക് അറുതി



# മിന്നൽ

ബി.കെ. ശോഭാദേവി, തിരുവനന്തപുരം

ആത്മീയ പ്രസരം ചിന്തുന്ന ആ കണ്ണിൻ തണുപ്പിൽ
ലൗകീക അഗ്നിജ്വാലതൻ കണ്ണുകൾ ചിമ്മുന്നു, മങ്ങുന്നു
വെൺനിലാവിറ്റിക്കുമാ പുഞ്ചിരിയിൻ ഹിമ കണങ്ങളേറ്റു–
നീറികിടക്കും ഹൃത്തിനുള്ളിലെ തീയണയുന്നു.

ശംഖധ്വനിയെവെല്ലും വചസിനു മുന്നിൽ
ഹുങ്കാരവങ്ങളെല്ലാമേ നിശബ്ദമായീടുന്നു
വെൺതാമരപോലുള്ളയാ നില്പിലൂടെ
പ്രസരിക്കുന്നതോ ശാന്തിയിൻ ഗഹനമാം അനുഭൂതി.

തിരമാലപോൽ ആർത്തലച്ചീടുന്ന മനമിപ്പോൾ
ഓളം പോലുമില്ലാതെ കുണുങ്ങിയൊഴുകും
ചെറുചോല പോൽ എത്ര സുന്ദരം, ശാന്തം
അറിയുന്നൂ ഞാൻ നിത്യ ശാന്തി തൻ സത്യം.

സന്തോഷ ശബ്ദത്താൽ നിശ്ശബ്ദമാകുന്നോരോ മനവും
സ്നേഹത്തിൻ പുഞ്ചിരി, സൗഹാർദ്ദത്തിൻ കൂപ്പുകൈ
വേദിയിലെത്തിയാ ജ്വാല പതിയെ മറഞ്ഞുപോയ്
ജന്മം അമൂല്യമായീടും ഈ ശാന്തിനേടുകിൽ.

വരുത്തിയാൽ തനിക്ക് ഏറ്റവും പ്രിയപ്പെട്ട ഈ ശീലം അല്ലെങ്കിൽ വസ്തു ഈശ്വരന് നൽകിക്കൊള്ളാം. അങ്ങനെയാണത്രേ അദ്ദേഹം സിഗരറ്റ് വലി നിർത്തിയത്. മക്കളെ സ്നേഹിക്കുന്ന മാതാപിതാക്കളേ, അവർക്കു വേണ്ടി, അവരുടെ സമാധാനം നിങ്ങൾ ആഗ്രഹിക്കുന്നു എങ്കിൽ... ദയവായി മദ്യപാനവും പുകവലിയും മറ്റ് മയക്കു മരുന്നുകളും ഉപേക്ഷിക്കൂ. അല്ലെങ്കിൽ നിങ്ങളുടെ മക്കളുടെ മുന്നോട്ടുള്ള ജീവിതത്തിൽ ഏറ്റവും വലിയ തടസ്സമായി നിങ്ങൾ മാറും. കാരണം മരിക്കലും വിലമതിക്കുവാനാവത്തതാണ് നാം ഓരോരുത്തരുടെയും ശരീരം. ആ ശരീരത്തിൽ വിരാജിക്കുന്ന ആത്മാവിൽ ഈശ്വരൻ നൽകിയ അനുഗ്രഹങ്ങൾ ആണ്, നല്ല കാഴ്ച, കേൾവി, നന്നായി പ്രവർത്തിക്കുന്ന തലച്ചോർ, എല്ലാം എല്ലാം തന്നെ. നമുക്ക് അഞ്ച് ലക്ഷം രൂപയുടെ ഒരു കാർ ഉണ്ടെങ്കിൽ നാം അതിനെ എത്ര കാര്യമായി പരിപാലിക്കും. അപ്പോൾ വിലമതിക്കുവാനാവത്ത ഈ ശരീരമാകുന്ന വാഹനത്തെ നന്നായി പരിപാലിക്കാതെ അത് നശിപ്പിക്കുക കൂടി ചെയ്യുകയാണെങ്കിൽ അതിൽപരം ഈശ്വര നിന്ദ വേറെ എന്താണ്?

# ഇഷ്ടമാണ് പക്ഷേ...

ചന്ദ്രശേഖരൻ പാലിയത്ത്, കൊടുങ്ങല്ലൂർ

**എ**ന്നെ എല്ലാവരും ഇഷ്ടപ്പെടണം എന്ന ഒരു ആഗ്രഹം എല്ലാവരിലും ഉള്ളതാണ്. എല്ലാവരുമായും സൗഹൃദത്തിലാകണം, തന്നെയും എല്ലാവരും ഇഷ്ടപ്പെടണം എന്നാഗ്രഹിക്കുന്നവരാണ് നാമെല്ലാം. എന്നാൽ രൂപം, ശബ്ദം, പെരുമാറ്റം ഇവ കാരണമായിരിക്കണം മനുഷ്യർ അടുക്കുന്നതിനേക്കാൾ കൂടുതൽ അകലുന്നതാണ് കണ്ടുവരുന്നത്. മറ്റുള്ളവരുടെ തനിക്കിഷ്ടപ്പെടാത്ത ഏതോ ചില കാരണങ്ങളാൽ ബഹുഭൂരിപക്ഷം മനുഷ്യരും പരസ്പരം അകന്നു നിൽക്കുവാൻ ആഗ്രഹിക്കുന്നു. സ്വന്തം രൂപവും ശബ്ദവും ജന്മനാലുള്ളതോ അഥവാ കാലപഴക്കത്താൽ ലഭിച്ചതോ അതുമല്ലെങ്കിൽ രോഗങ്ങളുടെ സംഭാവനയോ ആകാം. ഇവ മാറ്റുക മിക്കവാറും അസാദ്ധ്യമാണ്. എന്നാൽ മറ്റുള്ളവരുമായി അടുക്കാൻ, അവർക്ക് നമ്മെ ഇഷ്ടപ്പെടാൻ ഏറ്റവും എളുപ്പമായ ഒരു മാർഗ്ഗമുണ്ട്. നമ്മുടെ പെരുമാറ്റം മാറ്റുന്ന കാര്യമാണത്. അതിനായി ഏറ്റവും ആദ്യം തീരുമാനിക്കേണ്ടത് സ്വയം മാറുക എന്നതാണ്. സ്വയം മാറാൻ തയ്യാറാണോ എന്ന് ആലോചിക്കുകയും അതിനനുസരിച്ച് തീരുമാനമെടുക്കുകയും ചെയ്യണം. ഏതു തരത്തിലാണ് നമ്മെ പരിവർത്തനപ്പെടുത്താൻ കഴിയുകഎന്നൊന്നു ചിന്തിക്കാം. പരിവർത്തനപെടുവാൻ തീരുമാനിച്ചാൽ ആദ്യം അറിയേണ്ടത് അതെവിടെ നിന്ന് തുടങ്ങണം എന്നാണ്. മാറ്റം കൊണ്ടുവരേണ്ടത് ആദ്യം നമ്മുടെ ചിന്തയിലാണ്. നമ്മെ മറ്റുള്ളവർ ഇഷ്ടപ്പെടണം എന്നുണ്ടെങ്കിൽ ആദ്യം മാറ്റേണ്ടത് നമ്മുടെ മുൻവിധിയെയാണ്. മിക്കവാറും ഒരാളെ നേരിട്ട് പരിചയപ്പെടുന്നതിന് മുമ്പുതന്നെ അയാളെക്കുറിച്ച് മറ്റുള്ളവരിൽ നിന്നും കേട്ടതനുസരിച്ച് ഒരു ധാരണ നാം മനസ്സിൽ കയറ്റുന്നു. പിന്നീട് ആ ആളുമായി ആദ്യം കണ്ടുമുട്ടുമ്പോൾ ഈ മുൻവിധിയോടെ ആയിരിക്കും കാണുകയും പരിചയപ്പെടുകയും ചെയ്യുന്നത്. ഓരോരുത്തരും വ്യത്യസ്ത കാഴ്ചപ്പാടുള്ളവരാണ്. അതിനാൽ ഒരാളുടെ അഭിപ്രായമാകില്ല മറ്റൊരാൾക്ക്. ഒരാളെ പരിചയപ്പെടുമ്പോൾ നമുക്ക് അയാളിൽ ഇഷ്ടപ്പെടാവുന്ന കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ കൊടുക്കുക അപ്പോൾ മുൻവിധികൾ തടസ്സം ആകില്ല. മറ്റൊരുകാര്യം ഒരാളെ കാണുമ്പോൾ തന്നെയുള്ള അവഗണനയാണ്. എന്നാൽ ഇവയെല്ലാം അയാളെ പറ്റി ശരിക്ക് അറിയുമ്പോൾ ഇല്ലാതാകും. ഒരാളുടെ മുഖം വളരെ ഗൗരവം നിറഞ്ഞതും അടുക്കാൻ തോന്നാത്ത വിധവും ആയിരിക്കും, പക്ഷെ ഒരു പുഞ്ചിരി ആ മുഖത്തിന്റെ ഭാവം തന്നെ മാററാം.

രണ്ടാമതായി, നമ്മുടെ ഗുണങ്ങളോടൊപ്പം അവഗുണങ്ങളേയും തിരിച്ചറിയുകയാണ്. ദേവീ–ദേവതമാർക്ക് 36 ഗുണങ്ങൾ ഉണ്ടായിരുന്നു എന്നാണ് കേട്ടിട്ടുള്ളത്. അതിനാലാണ് അവർ ദേവതമാരായത്. നാം മനുഷ്യർക്ക് അത്രയും സാധിക്കുകയില്ലായിരിക്കാം, എന്നാൽ അല്പമെങ്കിലും ഗുണങ്ങൾ നമ്മളിൽ കൊണ്ടുവരാൻ സാധിക്കില്ലേ. പല പ്രസിദ്ധ ശാസ്ത്രജ്ഞരും പറയുന്നത് നമ്മുടെ ഉള്ളിൽ ഗുണങ്ങൾ വർദ്ധിപ്പിക്കുമ്പോൾ അവഗുണങ്ങൾ സ്വതവെ ഇല്ലാതാകും എന്നാണ്. അവഗുണങ്ങൾ എന്ന് പറയുമ്പോൾ ക്രോധം, ലോഭം, മോഹം, അഹങ്കാരം, കാമം എന്നീ പഞ്ചവികാരങ്ങളും സൂക്ഷ്മമായി മാത്രം പ്രകടമാകുന്ന അഥവാ അറിയുന്ന അസൂയ, അശ്രദ്ധ, ആലസ്യം തുടങ്ങിയവയുമാണ്. എന്നാൽ തന്റെ ഗുണങ്ങളെയും അവഗുണങ്ങളെയും അറിയാൻ കഴിഞ്ഞാലല്ലേ അവ മാറ്റുവാൻ ആകുകയുള്ളു. അതിനേറ്റവും എളുപ്പവും സുതാര്യവുമായ മാർഗ്ഗം സ്വയം പരിശോധിക്കുക എന്നതാണ്. ഒരു പേപ്പറിൽ രണ്ട് കോളം വരച്ച് തന്റെ ഗുണങ്ങളെയും അവഗുണങ്ങളെയും നമുക്ക് അറിയാവുന്നതുപോലെ എഴുതുക എന്നതാണ്. ഉദാഹരണമായി:

| ഗുണങ്ങൾ | അവഗുണങ്ങൾ |
|---|---|
| ക്ഷമ | ക്രോധം |
| സ്നേഹം | നീരസം |
| ദയ | ധാർഷ്ട്യം |
| സന്തോഷം | അസൂയ |

എല്ലാവർക്കും ദേവതമാരാകാൻ കഴിയില്ല. എങ്കിലും അവരുടെ ഗുണങ്ങൾ അല്പമെങ്കിലും എടുത്ത് നല്ല മനുഷ്യരാകാൻ ശ്രമിക്കാമല്ലോ? ഇതിൽ ക്രോധം, അഹങ്കാരം, മോഹം, ലോഭം, അസൂയ ഇവ നമ്മിൽ നിന്നകന്നാൽ തന്നെ നമ്മെ ഇഷ്ടപ്പെടുന്നവരുടെ അഥവാ നമ്മോട് അടുപ്പം കാണിക്കുന്നവരുടെ സംഖ്യവർദ്ധിക്കും. ഒരു പുഞ്ചിരി കൂടി സ്ഥിരമായി

# ഈശ്വരന്റെ പുതുവത്സരാശംസകൾ

രഘുനാഥൻ മാമ്പള്ളി, ചാത്തന്നൂർ

നക്ഷത്ര തുല്യം ശോഭിക്കുമാത്മാവായ്
മക്കളെയെല്ലാം കാണുന്ന താതൻ
ഹൃദയേശ്വരനായ് ഹൃത്തിൽ വിളങ്ങും
കാഴ്ചയും കാണ്മൂ പ്രിയനീശൻ.

സ്നേഹികൾ നമ്മൾ തൻ കൺകളിൽ കണ്ടൂ
പുതുവർഷത്തിൽ നവസൂര്യോദയം
ഉള്ളു നിറഞ്ഞു തിളങ്ങീ ആ മുഖം
ചൊല്ലീ, മക്കളേ, നിങ്ങളാണെല്ലാമെനിക്കിന്ന്.

കാണണം വൈശേഷ്യം ഏവരിലുമെപ്പോഴും
കാണണം നിങ്ങളെ ഉത്സാഹിയായെന്നും
ചിത്തിൽ ധരിക്കണം ഗുണഗണമെപ്പോഴും
അവഗുണമപ്പൊഴെ ഇല്ലാതെയായിടൂ.

പുത്തൻയുഗത്തിലെ പുതുവർഷത്തിലോ
ദൃഢമായിരിക്കട്ടെ നിങ്ങൾ തൻ സങ്കല്പം
ധൈര്യത്തിൽ ചുവടു വയ്ക്കും മക്കൾക്ക്
എന്നുമെൻ വിശേഷ സഹായമുണ്ടാം.

മുഖത്ത് വരുത്തുകയാണെങ്കിൽ അത്രത്തോളം നല്ലത്. ഇങ്ങനെ ഒരു പരിവർത്തനം ഒന്നു ശ്രമിച്ചു കൂടേ? സ്വയം മാറിനോക്കൂ, ലോകം തന്നെ മാറിയതായി നമുക്ക് അനുഭവപ്പെടും.



# ദൈവം സത്യമാണ്

സുനിത, പാലക്കാട്

**ദൈവം** സത്യമാണ് – പലപ്പോഴും നാം കേൾക്കാറുള്ള ഒരു പ്രസ്താവനയാണിത്. ഇതിന്റെ നിജസ്ഥിതിയെക്കുറിച്ച് നമുക്ക് ഒരു അന്വേഷണം നടത്താം. നമുക്കറിയാം –സത്യം എപ്പോഴും നിജസ്ഥിതിയെയും വസ്തുതയെയും അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഈ ലോക നാടകത്തിൽ വ്യത്യസ്ത വേഷങ്ങൾ അഭിനയിക്കുന്ന ഓരോ ആത്മാവിനും വ്യത്യസ്തമായ ബോധതലങ്ങളാണുള്ളത്. അവരുടെ കാഴ്ചപ്പാടുകളും വ്യത്യസ്തമാണ്. അതിനാൽ അവരാൽ എഴുതപ്പെട്ട എല്ലാ ഗ്രന്ഥങ്ങൾക്കും അവയുടേതായ കാഴ്ചപ്പാടുകളുണ്ട്. ലോകത്തെക്കുറിച്ചും ഈ പ്രപഞ്ചത്തെക്കുറിച്ചും കൂടുതൽ കൂടുതൽ അറിയുവാൻ ശ്രമിക്കുന്തോറും നമുക്കു മനസ്സിലാകും, സത്യം ഒരു അനുമാനം മാത്രമാണ്. അതിനാലാണ് പറയുന്നത് – നമുക്ക് അറിയില്ല, എന്ന് തിരിച്ചറിയുന്നതാണ് വാസ്തവം. ദൈവത്തെ അറിയാൻ ശ്രമിക്കുന്നവരുടെ മുന്നിൽ ആദ്യം എത്തുക മതങ്ങളും വിശ്വാസ പ്രമാണങ്ങളുമാണ്. ഇവിടെ സത്യം ആരുടെപക്ഷത്താണ്, ദൈവം ആരുടെ കൂടെയാണ് എന്നത് തർക്കവിഷയമായേക്കാം. മതങ്ങളിലൂടെ ഈശ്വരാനുഭവത്തിന്റെ അനുമാനം മാത്രമേ നമുക്കു ലഭിക്കുന്നുള്ളൂ എന്നത് ഇവിടെ പ്രധാനമാണ്. ചിലർ ദൈവം ഇതാണ്, അതാണ് എന്നെല്ലാം പറയും, അതും അവരുടെ അനുമാനങ്ങളോ കാഴ്ചപ്പാടുകളോ മാത്രം. ദൈവത്തെ അറിയുവാനുള്ള വഴിയുടെ അനുഭവം ഓരോ വ്യക്തിയ്ക്കും അനുഭവവേദ്യമാക്കിക്കൊടുക്കുന്നത് ഓരോ മതവിഭാഗവും ഓരോ വിധത്തിലാണ്. അത് പിൽക്കാലത്ത് വിശ്വാസമായി വളരുന്നു. ആദ്ധ്യാത്മികതയുടെ പാത തിരഞ്ഞെടുക്കുന്ന ഒരു അന്വേഷി ഇതിലൊന്നും തൃപ്തനാകാത്തതും അതുകൊണ്ടാണ്. യഥാർത്ഥ സത്യത്തിലേയ്ക്കുള്ള യാത്ര അവനവന്റെ ഉള്ളിലേയ്ക്കാണെന്ന് അയാൾ തിരിച്ചറിയുന്നു. ആത്മാവിന്റെ സത്യാന്വേഷണമാണ് അറിവ് എന്ന് രാമായണത്തിലും പറയുന്നു. പക്ഷേ, വേഷധാരികളായ എല്ലാ ആത്മാക്കളും അവരവരുടെ വേഷങ്ങളിൽ കുടുങ്ങി, സത്യത്തിൽ നിന്നും ഏറെ അകന്നു പോകുന്ന കാഴ്ചയാണ് കാലചക്രം നമുക്ക് നൽകുന്നത്. അവിടെ കാലചക്രത്തിന്റെ കുരുക്കിൽ പെടാത്ത ഈശ്വരനു മാത്രമേ സത്യം വെളിവാക്കിത്തരുവാനും സത്യത്തിന്റെ പാതയിലേയ്ക്ക് നമ്മെ നയിക്കുവാനും സാധിക്കുകയുള്ളൂ. ഇപ്രകാരം കല്പാവസാനം ഈശ്വരനാൽ സത്യം വെളിവാക്കപ്പെട്ടതിനാലും ആ വഴിയിലേയ്ക്ക് നമ്മെ കൈപിടിച്ച് നയിച്ചതിനാലുമാണ് നാം ഈശ്വരനെ സത്യം എന്നു വിളിക്കുന്നത്.

## മഹദ്‌വചനങ്ങൾ

ആദരണനീയനായ ദലൈ ലാമ ഒരിക്കൽ പറഞ്ഞു:
സമ്പത്തുണ്ടാക്കുവാനുള്ള നെട്ടോട്ടത്തിനിടയിൽ മനുഷ്യൻ അവന്റെ ആരോഗ്യം നശിപ്പിക്കുന്നു. പിന്നെ, ആരോഗ്യം വീണ്ടെടുക്കുവാൻ ആ സമ്പത്തു ചെലവഴിക്കുന്നു. ഭാവിയെക്കുറിച്ചുള്ള ആകാംക്ഷ മൂലം വർത്തമാന കാലം ആസ്വദിക്കുവാൻ അയാൾക്കാവുന്നില്ല. ഇതിന്റെ ഫലമായി വർത്തമാനത്തിലും ഭാവിയിലും അയാൾ യഥാർത്ഥത്തിൽ ജീവിക്കുന്നില്ല എന്നു വരുന്നു. ഒരിക്കലും മരിക്കില്ല എന്നു തോന്നുമാറാണ് അയാളുടെ ജീവിതം, പിന്നെ ഒരിക്കലും ജീവിച്ചിരുന്നില്ല എന്ന വിധം മരിക്കുകയും ചെയ്യുന്നു.





# ജീവിതം ഒരു ഉല്ലാസയാത്ര

ജനാർദ്ദന ഉണ്ണിത്താൻ, മാവേലിക്കര

**ജീ**വിതം ഉല്ലാസപ്രദമായ ഒരു യാത്രയാക്കി മാറ്റാൻ നാം നിസ്സാരമായ ചില കാര്യങ്ങൾ ശ്രദ്ധിച്ചാൽ മതിയാകും. ഗർഭപാത്രത്തിൽ ഒരു ജൈവശരീരം (Biological body) രൂപം കൊള്ളുമ്പോൾ അതിലെ പുരുഷ ഹോർമോണിന്റേയും സ്ത്രീ ഹോർമോണിന്റേയും അനുപാതത്തിൽ വരുന്ന വ്യത്യാസത്തിൽ മാത്രം അതൊരു പുരുഷശരീരമോ സ്ത്രീ ശരീരമോ ആയിത്തീരുന്നു. എന്നാൽ ആ ശരീരമാകുന്ന പുരിയിൽ വസിക്കുന്നതു രണ്ടും പുരുഷനാണ് അഥവാ ആത്മാവാണ്. സ്ത്രീ ശരീരത്തിലും പുരുഷ ശരീരത്തിലും ഇരിക്കുന്ന ആത്മാവിന് ഒന്നിന് മറ്റേതിനേക്കാൾ ശക്തിയും ബുദ്ധിയും സകല കഴിവുകളും ഉണ്ട്. ഈ സത്യം മനസ്സിലാക്കി ലിംഗഭേദത്തിലുള്ള ഗർവ്വും അഹങ്കാരവും ഉപേക്ഷിച്ച് പരസ്പരം ആദരിക്കാനും സ്നേഹിക്കാനും വിശ്വസിക്കാനും തയ്യാറാകണം.

സംസാരമാകുന്ന സാഗരത്തിൽ ജീവിതമാകുന്ന തോണിയിൽ ഏവർക്കും യാത്രചെയ്തേ മതിയാകൂ. ഈ തോണി ഒറ്റയ്ക്ക് തുഴയാൻ പ്രയാസമാണെന്ന് തോന്നിയാൽ ഒരു പാർട്ട്നറെ ലഭിക്കാം. ഈ തോണി ലക്ഷ്യത്തിലെത്തിക്കാൻ രണ്ടുപേർക്കും സമാന ഉത്തരവാദിത്വം ഉണ്ട്. വാസ്തവത്തിൽ ഇതൊരു വ്യാപാരയാത്രയാണ്. നമ്മുടെ തോണിയിലേക്ക് കാലാകാലങ്ങളിൽ ഓരോരുത്തർ കടന്നു വരുന്നു. പ്രത്യേകം ഓർക്കേണ്ടത് ഈ വരുന്നവരെല്ലാം വ്യാപാരികളാണ്, കഴിഞ്ഞ യാത്രയിലെ വ്യാപാരത്തിലുണ്ടായ ലാഭനഷ്ടങ്ങൾ പരിഹരിക്കാൻ വന്നവരാണ്. അവരുടെ കൊടുക്കൽ വാങ്ങൽ അവസാനിച്ചു കഴിയുമ്പോൾ അവർ അടുത്തകടവിൽ ഇറങ്ങിപ്പോകുന്നു. അവിടെ നിന്നും മറ്റ് ചിലർ കയറും. അവരൊക്കെ വ്യത്യസ്ഥമായ വേഷഭൂഷാദികൾ അണിഞ്ഞായിരിക്കും വരിക.

കാറ്റും കോളും കൊണ്ട് പ്രക്ഷുബ്ധമായ കടലാണ് ജീവിതം. അതിലൂടെ തോണി തുഴഞ്ഞു പോകേണ്ട അതികഠിനമായ വെല്ലുവിളി പലപ്പോഴും ഉണ്ടാകും. ബുദ്ധിമാനായ ഒരു നാവികന് വേണ്ടത് ഒരിക്കലും തളരാത്ത മനസും ആത്മവിശ്വാസവും ദിശാബോധവുമാണ്. ദിശാബോധം നല്കാൻ ദീപസ്തംഭം നിലകൊള്ളുന്നു. സാഗരത്തിലേക്ക് നോക്കുമ്പോൾ ആയിരമായിരം നൗകകൾ തലങ്ങും വിലങ്ങും സഞ്ചരിക്കുന്നതു കാണാം. ഭൂരിഭാഗവും ലക്ഷ്യമില്ലാതെ ഒഴുകി നടന്നു ചുഴിയിൽപെട്ട് നശിക്കുന്നു. ചിലത് വ്യാപാരം ചെയ്തുകൊണ്ട് തന്നെ ദീപസ്തംഭത്തെ ലക്ഷ്യമാക്കി കാണിക്കുന്നു.

ഇന്നു ധാരാളം വ്യക്തികളും സ്ഥാപനങ്ങളും കടം കൊടുക്കാൻ തയാറായിരിക്കുന്നു. ഉപഭോക്തൃസംസ്കാരത്തിന് അടിമപ്പെട്ട് മുൻവിധിയില്ലാതെ കടം വാങ്ങി നശിച്ചുപോയ ധാരാളം കുടുംബങ്ങളുണ്ട്. ജീവിതയാത്രയിലെ യഥാർത്ഥ സുഖം അനുഭവിക്കുന്നതിന് നല്കിയിട്ട് വാങ്ങുന്നതാണ് ഉചിതം. സ്നേഹം, ബഹുമാനം, സന്തോഷം, ശാന്തി മുതലായ മൂല്യമുള്ള ഉല്പന്നങ്ങൾ നാം ആദ്യം നല്കിയാൽ അതിന്റെ പതിന്മടങ്ങ് ലാഭമായി മടങ്ങിവരും. ബ്രഹ്മാകുമാരീസിന്റെ വിദ്യാലയത്തിൽ നിന്നും ആത്മവിദ്യയിൽ പ്രാഗത്ഭ്യം നേടിയ ഒരു യാത്രക്കാരന് ഈ യാത്ര എന്നും അനുഭൂതിയുടേയും ആനന്ദത്തിന്റേതുമായിരിക്കും. ഇന്നു എത്ര സമ്പന്നനും മാനസികമായി ദരിദ്രനാണ്. ഇനിയും വേണമെന്നുള്ള മനസിന്റെ ദാരിദ്ര്യത്തെ അകറ്റാൻ അവസാന നിമിഷത്തിലും അയാൾക്ക് കഴിയാതെ വരുന്നു. എന്നാൽ നല്കുമ്പോഴാണ് ലഭിക്കുക എന്ന സത്യം സത്യമായ സുഖവും ശാന്തിയും അന്വേഷിക്കുന്നവർക്കു ലഭിക്കുന്ന അമൃതാണ്. ഏകനായി വന്നു ഏകനായി മടങ്ങേണ്ട ഈ യാത്ര ദു:ഖത്തിലും നിരാശയിലും നശിക്കേണ്ടതല്ല. മറിച്ച് മനസ്സ് നിറയെ സന്തോഷവും മറ്റുള്ളവരുടെ ആശിർവാദവും ശാന്തിയും നിറച്ച് മടക്കയാത്ര ആഘോഷിക്കാനുള്ളതാണ്. പിൻതലമുറകൾക്ക് പഠിക്കാനുള്ള കുറെ നന്മകളുടെ വിത്തുകൾ തന്റെ കർമ്മത്തിലൂടെ ഈ കർമ്മ ഭൂമിയിൽ വിതച്ചിട്ട് നമുക്കേവർക്കും മടങ്ങുവാനാകട്ടെ.

# ആശീർവാദത്തിന്റെ മൂല്യം



നിഖിൽ എലത്തൂർ, കോഴിക്കോട്

ഒരിക്കൽ നഗരത്തിലെ സമ്പന്നനായ ഒരു വ്യക്തി തന്റെ ഗൃഹത്തിലേക്ക് ഒരു മഹാത്മാവിനെ ഭോജനത്തിനു ക്ഷണിച്ചു. മഹാത്മാവിനെ പ്രസന്നമാക്കിയാൽ അദ്ദേഹത്തിന്റെ ആശീർവാദം തനിക്ക് കിട്ടുമെന്നും അത് തനിക്ക് ഗുണകരമായി തീരുമെന്നും ഉള്ള ചിന്തയാണ് ഭോജനസത്ക്കാരത്തിനു പിന്നിലുള്ള കാരണം. നിശ്ചയിച്ച ദിവസം മഹാത്മാവ് സത്ക്കാരത്തിനുവേണ്ടി സമ്പന്നന്റെ വീട്ടിലെത്തി.

മഹാത്മാവിന്റെ കൈയിൽ ഭോജനം കഴിക്കാനുള്ള ഒരു പാത്രം ഉണ്ടായിരുന്നു. വളരെ ആദരപൂർവം സമ്പന്നൻ മഹാത്മാവിനെ സ്വീകരിച്ചിരുത്തി. അദ്ദേഹത്തിന്റെ പാത്രത്തിലേക്ക് മധുരമായ പായസം ഒഴിക്കാൻ തുടങ്ങി. പെട്ടെന്നാണ് അദ്ദേഹം പാത്രത്തിൽ ശ്രദ്ധിച്ചത്. പാത്രം നിറയെ അഴുക്കായിരുന്നു. അതിഥിയുടെ അശ്രദ്ധയിൽ ആതിഥേയൻ വളരെ അസ്വസ്ഥനായെങ്കിലും, അദ്ദേഹത്തിന്റെ മഹിമയെ കരുതി ഒന്നും മിണ്ടാതെ ആ പാത്രം സ്വമേധയാ എടുത്തു കൊണ്ടു പോകുകയും കഴുകി വൃത്തിയാക്കി തിരികെ കൊണ്ടു വരികയും ചെയ്തു.

സത്ക്കാരത്തിനു ശേഷം മഹാത്മാവ് യാതൊന്നും പറയാതെ അവിടെ നിന്നും പുറപ്പെടാനൊരുങ്ങി. ആശീർവാദം പ്രതീക്ഷിച്ചിരുന്ന ആതിഥേയന് ഇതു വളരെ വേദനയുണ്ടാക്കി.


അദ്ദേഹം മഹാത്മാവിന്റെ അരികിലേക്ക് ചെന്നു പറഞ്ഞു, "പ്രഭോ എനിക്ക് ആശീർവാദം തരാതെ ഇങ്ങനെ പോകുന്നത് ശരിയാണോ?."

ആതിഥേയന്റെ വാക്കുകൾ കേട്ട മഹാത്മാവ് ശാന്തനായി മൊഴിഞ്ഞു, "താങ്കൾ എന്തിനാണ് എന്റെ പാത്രം കഴുകിയത്?"

"അതിൽ നിറയെ അഴുക്കായിരുന്നു. അഴുക്കുള്ള പാത്രത്തിൽ വില പിടിച്ച പായസം ഒഴിച്ചാൽ അത് യാതൊരു ഉപകാരവുമില്ലാതെ വ്യർത്ഥമായി പോകും. അതിനാലാണ് ഞാൻ അങ്ങനെ ചെയ്തത്", ആതിഥേയൻ മറുപടി പറഞ്ഞു.

"എന്റെ ആശീർവാദവും വളരെ മൂല്യമുള്ളതാണ്. ദുർവിചാരങ്ങൾ കൊണ്ട് അഴുക്കു പിടിച്ച ഒരു പാത്രം തന്നെയാണ് അങ്ങയുടെ മനസ്സും. അതിലേക്ക് എന്റെ ആശീർവാദം പകർന്നാൽ അത് വ്യർത്ഥമാകും. ആദ്യം ഈശ്വരീയ സ്മൃതിയാകുന്ന ജലം കൊണ്ട് മനസ്സിനെ ശുദ്ധമാക്കൂ."

അതിഥിയുടെ വാക്കുകൾ കേട്ട ആതിഥേയന്റെ മനസ്സിൽ ജ്ഞാനത്തിന്റെ പുതിയ പ്രകാശം തെളിഞ്ഞു.




ഡോ. വത്സലൻ നായർ, മൗണ്ട് ആബു

***ജീവിതം – അതു പലർക്കും ഒരു പ്രഹേളിക യാണ്. ആ വലിയ ചോദ്യചിഹ്നത്തിന്റെ മുന്നിൽ തളർന്നിരിക്കുന്നവർക്കായി ജീവിതത്തിന്റെ തീച്ചൂളയിൽ വാർത്തെടുത്ത അനുഭവങ്ങളുടെ വെളിച്ചത്തിൽ, തന്റെ സ്വതസിദ്ധമായ ശൈലി യിൽ ജീവിതം ആസ്വദിക്കുവാനുള്ള കല നമുക്കായി പങ്കുവയ്ക്കുന്ന ഡോ. വത്സലൻ നായർ. ഹവിസ്സിന്റെ കൂട്ടുകാർക്കായുള്ള ഈ പംക്തി യിൽ നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും കൂടി ഉൾപ്പെടുത്തുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. സഹകരിക്കുമല്ലോ..***

"സമൂലമായ മാററം കൊണ്ടു വരണം എന്ന് എനിക്ക് ആഗ്രഹമുണ്ട്, പക്ഷേ.. ഞാൻ ഒററയ്ക്ക് എന്തു ചെയ്യും? ആരും ഒന്നിനും സഹായിക്കു വാനോ സഹകരിക്കുവാനോ തയ്യാറല്ല. കൂടുതൽ പേരും അധികം ഉൾക്കൊണ്ടുകാണുന്നില്ല, സേവന കാര്യങ്ങളിൽ താത്പര്യക്കുറവ് എങ്ങും ദൃശ്യ മാണ്." ആദ്ധ്യാത്മിക-സാമൂഹ്യ സേവന രംഗത്തുള്ള പല സമർപ്പിത സേവാധാരികളുടെയും പരാതി യാണിത്. ഇതു കാരണം പല പദ്ധതികളും നടപ്പാക്കപ്പെടാതെ പോകുക മാത്രമല്ല, കാലം ചെല്ലുന്തോറും സേവനം ചെയ്തുകൊണ്ടിരിക്കുന്ന വർ തന്നെ മടുപ്പു ബാധിച്ച് പിൻവലിയുന്ന അവസ്ഥ ഉണ്ടാകുകയും ചെയ്യുന്നു. എന്താണിതിനു കാരണം? ആർക്കാണു തെററുപററിയത്? വിശ്വ സേവനത്തിനായി ജീവിതം മാററി വച്ചവർക്കോ അതോ അവരുടെ ആശയത്തിൽ ആകൃഷ്ടരായി എത്തിയ പൊതുജനത്തിനോ?

ഉത്തരം വളരെ ലളിതമാണ് – അനിവാര്യമായ മാററത്തെ തടഞ്ഞു നിർത്തുവാൻ നമുക്കാവില്ല. നമ്മുടെ ആശയങ്ങൾ അടിച്ചേല്പിക്കുന്ന കാലം കടന്നു പോയിരിക്കുന്നു. പകരം സഹയോഗികളുടെ ആശയങ്ങൾ എന്താണെന്നു കേൾക്കുവാനും അവ ഉൾക്കൊള്ളുവാനും നാം തയ്യാറാകേണ്ട സമയ മാണിത്. നിങ്ങളുടെ മനസ്സിൽ സംശയം ഉദിച്ചേക്കാം. അതെങ്ങനെ ശരിയാകും. ഇവിടെയാണ് യുക്തി ഉപയോഗിക്കേണ്ടത്. ഇതൊരു സൂത്രപ്പണിയല്ല, എല്ലാവർക്കും യോജിക്കുന്നതു കണ്ടറിഞ്ഞ് അവതരി പ്പിക്കലാണിത്. അപ്പോൾ നമ്മുടെ ആശയങ്ങൾ അവരുടേതായി അവർ അംഗീകരിക്കുന്നതു നിങ്ങൾക്കു നേരിൽ കാണാം. ഒപ്പം മനസ്സിലാ ക്കേണ്ട മറെറാരു കാര്യം കൂടിയുണ്ട്. പൊതുജനം നിങ്ങളുടെ സൃഷ്ടിയാണ്, അവരിലെ വൈകല്യ ങ്ങൾ യഥാർത്ഥത്തിൽ നിങ്ങളുടെ വൈകല്യ ങ്ങളുടെ പ്രതിഫലനമാണ്. ഇതു പറയുമ്പോൾ പലരും നെററി ചുളിച്ചേക്കാം. പക്ഷേ, സത്യത്തിനു മുഖം തിരിഞ്ഞു നിന്നിട്ടും കാര്യമില്ല എന്നു മനസ്സി ലാക്കണം. എത്ര വേഗം നാം ഈ സത്യം ഉൾക്കൊള്ളുന്നുവോ അത്രയും വേഗം പ്രശ്നങ്ങൾ പരിഹരിക്കപ്പെടും. നമ്മുടെ മനസ്സിന് ബോധ തലം എന്നും ഉപബോധതലമെന്നും രണ്ടു തലങ്ങളുണ്ട് എന്നു നിങ്ങൾക്കറിയാമല്ലോ. ബോധതലത്തിൽ ആണ് നാം പലതും ചെയ്യണമെന്ന് ആഗ്രഹിക്കുന്നത്. എന്നാൽ ഉപബോധ തലത്തിൽ നാം മാററം ആഗ്രഹി ക്കുന്നില്ല എന്ന വൈരുദ്ധ്യം പലപ്പോഴും നിലനിൽ ക്കുന്നു താനും. പഞ്ചവികാരങ്ങളും അതിലും ശക്തമായ അലസതയും ആലസ്യവും എല്ലാം ഇതിനു കാരണമായെടുക്കാം. ഇതു വളരെ വേദനാജനകമായ ഒരു സത്യമാണ്. ഈ സത്യം നാം അംഗീകരിക്കുകയും നമ്മുടെ ഉപബോധ മനസ്സിലെ അധമ ചിന്താഗതികളെ പൊളിച്ചെഴുതുകയും ചെയ്യുമ്പോഴേ ഇതിനു പരിഹാരം ഉണ്ടാകൂ. ഇതിന് ഉപബോധ മനസ്സിനു മനസ്സിലാകുന്ന ഭാഷ നാം ഉപയോഗിക്കണം. ഉപബോധ മനസ്സിന് ചിത്രങ്ങൾ മാത്രമേ മനസ്സിലാവൂ. അത് യഥാർത്ഥ

മായാലും അയഥാർത്ഥമായാലും കുഴപ്പമില്ല, ഉപബോധ മനസ്സിന് ഇവയെ വേർതിരിച്ചറിയുവാനുള്ള കഴിവില്ല. അതിനാൽ ഏതെങ്കിലും കാര്യം അഥവാ പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നതിനു മുമ്പ് ആ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി, അതു നടപ്പാകുന്നതായി ഭാവന ചെയ്യണം. നാം ഉൾപ്പെടെ എല്ലാവരും വളരെ സന്തോഷത്തോടെ ആ സേവന പദ്ധതിയിൽ ഭാഗഭാക്കാകുന്നതായിട്ടും അനേകായിരങ്ങൾ അതിന്റെ ഗുണഫലം അനുഭവിക്കുന്നതായിട്ടും ഒക്കെ ഭാവനയിൽ നിരന്തരം കൊണ്ടുവരണം. ഇങ്ങനെ നിങ്ങളുടെ സ്വപ്നങ്ങളിൽ പോലും ആ പദ്ധതി വിരിയുവാൻ തുടങ്ങുമ്പോൾ മനസ്സിലാക്കാം നിങ്ങളുടെ ഉപബോധ മനസ്സ് ആ പദ്ധതിയെ അംഗീകരിച്ചു തുടങ്ങിയിരിക്കുന്നു. ഇവിടെ നിങ്ങളുടെ കാഴ്ചപ്പാടുകൾ മാറുവാൻ തുടങ്ങും. നിങ്ങളുടെ മനസ്സിൽ നിന്നും ബഹിർഗമിക്കുന്ന ഊർജ്ജ തരംഗങ്ങളിൽ വ്യത്യാസം വന്നു തുടങ്ങും. അപ്പോൾ അതിശയങ്ങൾ സംഭവിക്കുന്നത് നിങ്ങൾക്ക് നേരിൽ കാണാം. നിങ്ങൾക്ക് ഒരു പരിചയവും ഇല്ലാത്തവർ വരെ നിങ്ങളോട് സഹകരിക്കുവാൻ തയ്യാറായി വരും. സേവനത്തിന്റെ വ്യത്യസ്ത വഴികൾ തുറക്കുന്നതു നിങ്ങൾക്കു കാണുവാനാകും. സാക്ഷിയായി നിന്ന് എല്ലാം ആസ്വദിക്കുക മാത്രമേ നിങ്ങൾ ചെയ്യേണ്ടതുള്ളൂ.

ഈ വിഷയത്തിൽ ഇനിയും തർക്കമുള്ളവർ ഉണ്ടായേക്കാം, അവരോട് ഒരു അപേക്ഷയുണ്ട്. ഒരിക്കൽ, ഒരിക്കൽ മാത്രം നിങ്ങൾ ഇപ്രകാരം ചെയ്തു നോക്കൂ, ഇതിന്റെ പ്രാപ്തി അനുഭവിച്ചു നോക്കൂ. നിങ്ങളുടെ ചുററുമുള്ള ലോകം നിങ്ങളുടെ സൃഷ്ടിയാണെന്ന സത്യം അപ്പോൾ നിങ്ങൾക്കു മനസ്സിലാകും.

# പ്രശ്നം തീർക്കാൻ

ബി. കെ. രാജേഷ്മോഹൻ, ആലപ്പുഴ



ഒരു രാജാവിന് തന്റെ പ്രധാനമന്ത്രിയെ തെരഞ്ഞെടുക്കണം. ഒരേ വിധം യോഗ്യതയുള്ള നാലുപേരുണ്ട് മന്ത്രിസഭയിൽ. അതിനാൽ ഒരു പരീക്ഷ നടത്താൻ രാജാവ് തീരുമാനിച്ചു. അദ്ദേഹം പറഞ്ഞു. എന്റെ കയ്യിൽ ഒരു പൂട്ടുണ്ട്, ഗണിതശാസ്ത്രമനുസരിച്ചുണ്ടാക്കിയ ഈ വിജ്ഞാനപ്പൂട്ട് ആരാണോ ആദ്യം തുറക്കുന്നത് അയാൾ ആയിരിക്കും രാജ്യത്തിന്റെ പ്രധാനമന്ത്രി. പ്രധാനമന്ത്രി പദത്തിനുള്ള മോഹം കൊണ്ട് അവർ അന്ന് രാത്രി ഉറങ്ങിയില്ല. ഗണിതശാസ്ത്രസംബന്ധമായ പല ഗ്രന്ഥങ്ങളും പരിശോധിച്ചു കൊണ്ടിരുന്നു. എന്നാൽ അവർക്ക് അതിൽ നിന്നും ഒന്നും അറിയാനായില്ല. ചില ഗ്രന്ഥങ്ങൾ മാത്രം മറിച്ചു നോക്കി അതിലൊരാൾ സുഖമായി ഉറങ്ങി.പിറ്റേന്ന് അവർ രാജ്യസഭയിലെത്തി. ഒരു വലിയ പൂട്ടു രാജസേവകർ താങ്ങിയെടുത്തു സഭയിൽ കൊണ്ടു വന്നു വെച്ചു. സകലരും ആ പൂട്ടു കണ്ട് ആശ്ചര്യപ്പെട്ടു. മന്ത്രിമാർ ഒപ്പം കൊണ്ടുവന്ന ഓലക്കെട്ടുകൾ തിരിച്ചും മറിച്ചും നോക്കി. എന്നാൽ ഈ ഗണിതപ്പൂട്ടു തുറക്കാൻ അവർക്കായില്ല. രാത്രി നന്നായി ഉറങ്ങിയ മന്ത്രി മുന്നോട്ടു വന്നു. പൂട്ടു നന്നായിപരിശോധിച്ചു. എന്താശ്ചര്യം പൂട്ടുപൂട്ടിയിട്ടേയില്ല. താക്കോലില്ലാതെ, യാതൊരു സൂത്രവും പ്രയോഗിക്കാതെ ആ മന്ത്രി പൂട്ടു തുറന്നു. രാജാവ് അയാളെ പ്രധാനമന്ത്രിയായി അവരോധിച്ചു.

**പ്രശ്നം തീർക്കാൻ ആദ്യം ചെയ്യേണ്ടത് പ്രശ്നം നന്നായി പഠിക്കുകയാണ്. അതിന് മനസ്സ് സ്വസ്ഥമായിരിക്കണം, ശാന്തമായിരിക്കണം.**



# മാനവ മൂല്യങ്ങൾ വളർത്തും മഹനീയ സ്ഥാപനം

**മാ**നവരിൽ മൂല്യങ്ങൾ വളർത്തുന്നതിനൊരു മഹനീയ സ്ഥാപാനം ഭാരതത്തിൽ പ്രവർത്തിച്ചു വരുന്നു. പുതിയ തലമുറയെ മൂല്യങ്ങൾ പഠിപ്പിക്കേണ്ടതും അത് വികസിപ്പിക്കേണ്ടതും വിദ്യാലയങ്ങളുടെ പ്രാഥമിക കർത്തവ്യമാണ്. മൂല്യബോധം പുഷ്ടിപ്പെടണമെങ്കിൽ അത് കുടുംബത്തിൽ നിന്ന് തന്നെ ആരംഭിക്കേണ്ടിയിരിക്കുന്നു. പഠനത്തിൽ മാത്രമല്ല ജീവിതത്തിലും നമ്മൾ മൂല്യബോധം ഉള്ളവരായി മാറണം. സാംസ്കാരിക സമ്പന്നതയിൽ അഭിമാനം കൊള്ളുന്ന ഒരു സമൂഹം ഇവിടെ ഉയർന്നു വരണം.

ഇന്നത്തെ ലോകത്ത് മൂല്യങ്ങൾക്ക് ഉണ്ടായിരിക്കുന്ന കുറവ് പരിഹരിക്കാൻ ആത്മീയ വിദ്യാലയങ്ങൾക്ക് കഴിയും. അത്തരം വിദ്യാലയങ്ങളെക്കുറിച്ച് കൂടുതൽ അറിയേണ്ടതും അത്തരം സ്ഥാപനങ്ങളെ പരിപോഷിപ്പിക്കേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമായിത്തീർന്നിരിക്കുകയാണ്. മഹത്തായ അത്തരം ഒരു വിദ്യാഭ്യാസ സ്ഥാപനമാണ് മൗണ്ട് ആബു ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയം. 132 രാജ്യങ്ങളിലായി വ്യാപിച്ച് ഈ വിശ്വ വിദ്യാലയം അതിന്റെ 8500 കേന്ദ്രങ്ങളിലൂടെ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഐക്യരാഷ്ട്ര സഭയിൽ ഉപദേശക പദവി ലഭിച്ചിട്ടുള്ള ഈ വിദ്യാലയത്തെ ലോക രാജ്യങ്ങളിലെ സർവ്വ ഗവണമെന്റും അംഗീകരിക്കുകയും ഇതിന്റെ പാഠ്യപദ്ധതികൾ മനസ്സിലാക്കുകയും പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും ചെയ്യേണ്ടതാണ്.

ഭാരതത്തിലെ ചില യൂണിവേഴ്സിറ്റികൾ പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയത്തിലെ പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും പാഠ്യപദ്ധതികൾ അംഗീകരിക്കുകയും വിദ്യാലയവുമായുള്ള സാങ്കേതിക സഹകരണത്തോടെ ഡിപ്ലോമ, ഡിഗ്രി, പി.ജി. എന്നീ കോഴ്സുകൾ വിജയകരമായി നടത്തി വരുകയും ചെയ്യുന്നു. അമേരിക്കയിലെ കോസ്റ്ററിക്ക പീസ് യൂണിവേഴ്സിറ്റിയും വിശ്വ ശാന്തി സ്ഥാപിക്കുന്നതിനുള്ള അറിവ് ബ്രഹ്മാകുമാരീസിൽ നിന്നും നേടി വരുന്നു.

കേരളത്തിന്റെ 14 ജില്ലകളിലും ഈ വിശ്വ വിദ്യാലയത്തിന്റെ അംഗീകൃത കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ കേന്ദ്രങ്ങളിൽ വാല്യുസ് ഇൻ എജ്യുക്കേഷൻ കറസ്പോൻഡൻസ് കോഴ്സുകൾ നടത്തി വരുന്നു. പ്ലസ് ടു, ഡിഗ്രി എന്നീ കോഴ്സുകൾ പാസ്സായവർക്ക് യഥാക്രമം ഡിപ്ലോമ, പി.ജി. ഡിപ്ലോമ എന്നീ കോഴ്സുകളിൽ ചേർന്നു പഠിക്കാവുന്നതാണ്. ഉദ്യോഗസ്ഥർക്കും, വീട്ടമ്മമാർക്കും, പെൻഷനേഴ്സിനും ഒക്കെ ഈ കോഴ്സുകളിൽ ചേർന്ന് പഠിച്ച് മൂല്യവത്തായ ഒരു സമൂഹം വാർത്തെടുക്കുന്നതിൽ പങ്കാളികളാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സമീപത്തുള്ള ബ്രഹ്മാകുമാരീസ് സേവനകേന്ദ്രങ്ങളുമായി ബന്ധപ്പെടുക.

അറിവതിനു പണി പരമ പുരുഷമറിമായങ്ങ–  
ളാത്മാനമാത്മനാ കണ്ടു തെളിക നീ  
*(അദ്ധ്യാത്മരാമായണം – സുന്ദരകാണ്ഡം)*  
ആത്മാവിനില്ല ജനനം മരണവു–  
മാത്മനീ ചിന്തിക്ക ഷഡ്ഭാവവുമില്ല  
*(അദ്ധ്യാത്മരാമായണം – അയോദ്ധ്യാകാണ്ഡം)*  
ഇരുളൊഴിഞ്ഞിമ്പമുണ്ടാകും ഭ്രമം വിട്ടൊ–  
രകളങ്ക ദർശികൾക്കെല്ലാം – *(തിരുക്കുറൾ)*

ഹവിസ്സ് ബ്യൂറോ

# ഈശ്വരീയ സേവനം കേരളത്തിൽ



ഹൈദ്രാബാദിൽ നിന്നുമെത്തിയ ബി.കെ. ബാലകിഷോർ ആദ്ധ്യാത്മീക രഹസ്യങ്ങളെ കുറിച്ചു പ്രഭാഷണം നടത്തിയപ്പോൾ, ഒപ്പം ബി.കെ.രഞ്ജിനി, (ബ്രഹ്മാകുമാരീസ് കോർഡിനേറ്റർ, കൊല്ലം ശാഖാ)

ഒരു പേജിൽ കൂടാത്ത ലേഖനങ്ങൾ, കവിതകൾ, കഥകൾ... എന്നിവ മലയാളത്തിൽ ടൈപ്പ് ചെയ്ത് havissmonthly@gmail.com എന്ന വിലാസത്തിൽ അയക്കുക.

ഹവിസ്സിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളിലെയും കവിതകളിലെയും ആശയങ്ങളും അഭിപ്രായങ്ങളും ലേഖകരുടേതാണ്. അവ ബ്രഹ്മാകുമാരീസിന്റെയോ ഹവിസ്സിന്റെയോ അഭിപ്രായങ്ങളാണെന്ന് ധരിക്കരുത്.

**Brahma Kumaris® "Peace of Mind" Global Channel - Info-Edutainment News Channel. No Advertisement..**

PEACE OF MIND CHANNEL

**"Peace of Mind" Channel**
**FRQ: 4054, POL: H, SYM: 13230, INSAT: 4A**
**Request Cable Operators today**
**"C" Band with Mpeg4 Receiver can see FREE LIVE**
**http://pmtv.in, pmtv@bkmail.org**
**SMS to 56161 bktv (Your MSG), +91 9960588432, 8104777111**